2025 FEBRUARY
19
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇലക്ട്രിക് കാർ ടെസ്‌ല ഇന്ത്യയിലേക്ക്

**ന്യൂഡൽഹി:** ഇലക്ട്രിക് കാർ ഭീമൻമാരായ ടെസ്‌ല ഇന്ത്യയിലേക്ക് ഉടനെത്തും. റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചതിനു പുറമെ ഷോറൂമിനായുള്ള സ്ഥലവും ടെസ്‌ല കണ്ടെത്തിയതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 5,000 ചതുരശ്ര അടി വിസ്തീർണത്തിൽ ഡൽഹി, മുംബൈ നഗരങ്ങളിലാണു ഷോറൂമുകൾ ഒരുങ്ങുന്നത്.

ഇന്ദിരാഗാന്ധി രാജ്യാന്തര വിമാനത്താവളത്തിനു സമീപമുള്ള എയ്റോസിറ്റിയിലാകും ടെസ്‌ലയുടെ ഡൽഹി ഷോറൂം. വമ്പൻ ഹോട്ടലുകളും ഓഫിസുകളുമുള്ള പ്രദേശമാണിത്. ബാന്ദ്ര കുർളയിലെ ഷോപ്പിങ് കോംപ്ലക്സിലാണു മുംബൈ ഷോറൂം തുറക്കുക. എന്നാൽ ഉദ്ഘാടനം സംബന്ധിച്ച വിവരങ്ങൾ കമ്പനി ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല.



ഇന്ത്യയിലെ ഷോറൂമുകളിലേക്ക് ഉദ്യോഗാർഥികളെ തേടിയുള്ള പരസ്യം കഴിഞ്ഞ ദിവസം ലിങ്ക്ഡ് ഇനിൽ ടെസ്‌ല നൽകിയിരുന്നു. കസ്റ്റമർ സർവീസ് ഉൾപ്പെടെയുള്ള 13 തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. യുഎസ് സന്ദർശന വേളയിൽ ടെസ്‌ല സിഇഒയും ലോക കോടീശ്വരനുമായ ഇലോൺ മസ്കുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തിയിരുന്നു. പിന്നാലെയാണു റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിച്ചത്.

## ഇരട്ട നികുതി ഒഴിവാക്കാനുള്ള കരാറിൽ ഒപ്പുവച്ച് ഇന്ത്യയും ഖത്തറും; മോദിയും ഖത്തർ അമീറും കൂടിക്കാഴ്ച നടത്തി

**ന്യൂഡൽഹി:** ഇരട്ട നികുതി ഒഴിവാക്കാനുള്ള കരാറിൽ ഒപ്പുവച്ച് ഇന്ത്യയും ഖത്തറും. പ്രധാന മന്ത്രി നരേന്ദ്ര മോദിയും ഖത്തർ അമീർ ഷെയ്ഖ് ഹമീം ബിൻ ഹമദ് അൽത്താനിയും തമ്മിലുള്ള കൂടിക്കാഴ്ചയിലാണ് ഇരു രാജ്യങ്ങളും കരാറിൽ ഒപ്പിട്ടത്. ഉച്ചയ്ക്ക് പന്ത്രണ്ടിന് ഹൈദരാബാദ് ഹൗസിലായിരുന്നു കൂടിക്കാഴ്ച. രണ്ടു ദിവസത്തെ സന്ദർശനത്തിനായാണ് ഖത്തർ അമീർ ഇന്ത്യയിലെത്തിയത്.

പ്രോട്ടോക്കോൾ മാറ്റിവച്ചു വിമാനത്താവളത്തിൽ നേരിട്ടെത്തിയാണ് നരേന്ദ്ര മോദി ഇന്നലെ ഖത്തർ അമീറിനെ സ്വീകരിച്ചത്.

വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇന്നലെ അമീറുമായി ചർച്ച നടത്തിയിരുന്നു. ഖത്തർ അമീർ ഷെയ്ഖ് ഹമീം ബിൻ ഹമദ് അൽത്താനിയുടെ ഇന്ത്യൻ സന്ദർശനത്തിൽ ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ റഹ്മാൻ ബിൻ ജാസിം അൽത്താനിയും പങ്കെടുക്കുന്നുണ്ട്. രണ്ടാം തവണയാണ് ഖത്തർ അമീർ ഇന്ത്യയിലെത്തുന്നത്.

2015 മാർച്ചിലാണ് ഇതിനു മുൻപ് അദ്ദേഹം ഇന്ത്യ സന്ദർശിച്ചത്.

## യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ തയാറെന്ന് റഷ്യ; സൗദിയിൽ യുഎസുമായുള്ള ചർച്ച വിജയം

**റിയാദ്:** റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിക്കാൻ കളമൊരുങ്ങുന്നു. യുഎസുമായി സൗദി അറേബ്യയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ്, യുദ്ധം അവസാനിപ്പിക്കാനുള്ള സന്നദ്ധത റഷ്യ അറിയിച്ചത്. നാലര മണിക്കൂർ നീണ്ട ചർച്ച വിജയമാണെന്നും യുദ്ധം അവസാനിപ്പിക്കാൻ ഒരുമിച്ചു പ്രവർത്തിക്കാൻ ധാരണയായെന്നും റഷ്യ പ്രതികരിച്ചു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഇടപെടലിനെ തുടർന്നായിരുന്നു ചർച്ച.

റിയാദിലെ ദിരിയ്യ കൊട്ടാരത്തിൽ സൗദി വിദേശകാര്യമന്ത്രി ഫൈസൽ ബിൻ ഫറാൻ അൽ സൗദിന്റെയും ദേശീയ സുരക്ഷാ ഉപദേശകൻ മുസാദ് ബിൻ മുഹമ്മദ് അൽ ഐബാന്റെയും മധ്യസ്ഥതയിലായിരുന്നു കൂടിക്കാഴ്ച. ട്രംപിന്റെ പ്രതിനിധികളായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, യുഎസ് മധ്യേഷ്യ ദൂതൻ സ്റ്റീവ് വിറ്റ്കോഫ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൽസ് എന്നിവർ പങ്കെടുത്തു. റഷ്യയുടെ ഭാഗത്തുനിന്നു വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ്, റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിന്റെ വിദേശ നയതന്ത്ര ഉപദേശകൻ യൂറി ഉഷാകോവ്, ഉന്നത ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

യോഗത്തിൽ യുക്രെയ്ൻ പ്രതിനിധികൾ പങ്കെടുത്തില്ല. യുക്രെയ്ൻ പങ്കെടുക്കാത്ത ചർച്ചകളിലെ ഒരു തീരുമാനവും രാജ്യം അംഗീകരിക്കില്ലെന്നു പ്രസിഡന്റ് വൊളോഡിമർ സെലെൻസ്കി പറഞ്ഞു. ചർച്ചകളിൽനിന്നു മാറ്റിനിർത്തുന്നതിൽ യൂറോപ്യൻ സഖ്യകക്ഷികളും ആശങ്ക രേഖപ്പെടുത്തി. വാഷിങ്ടനിലെയും മോസ്കോയിലെയും അതത് എംബസികളിൽ ജീവനക്കാരെ പുനഃസ്ഥാപിക്കാൻ ഇരുരാജ്യങ്ങളും സമ്മതിച്ചതായി കൂടിക്കാഴ്ചയ്ക്കു ശേഷം റൂബിയോ പറഞ്ഞു. യുക്രെയ്ൻ സമാധാന ചർച്ചകൾ, ഉഭയകക്ഷി ബന്ധങ്ങൾ, സഹകരണം എന്നിവ പിന്തുണയ്ക്കുന്നതിനാണിത്. ഏതാനും വർഷങ്ങളായി നിരവധി നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കിയത് 2 എംബസികളെയും സാരമായി ബാധിച്ചിരുന്നു.

യുക്രെയ്ൻ യുദ്ധത്തെപ്പറ്റിയുള്ള ട്രംപിന്റെ വീക്ഷണങ്ങളെ യോഗത്തിൽ സെർജി ലാവ്റോവ് പ്രശംസിച്ചു. ട്രംപും പുട്ടിനും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കു വഴിയൊരുക്കുക എന്നതും യോഗത്തിന്റെ ലക്ഷ്യമായിരുന്നു. എന്നാൽ, ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കു തീയതി നിശ്ചയിച്ചില്ലെന്നു യൂറി ഉഷാകോവ് പറഞ്ഞു. നാളെ സെലെൻസ്കി റിയാദിൽ എത്തുമെന്നാണു റിപ്പോർട്ട്. ആഗോള സമാധാനവും സുരക്ഷയും നിലനിർത്തുന്നതിനുള്ള സൗദിയുടെ ശ്രമങ്ങളുടെ ഭാഗമാണു മധ്യസ്ഥ നീക്കമെന്നു സൗദി വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## യുഎസും ധനസഹായം വെട്ടിക്കുറച്ചു; യുഎൻആർഡബ്ല്യുഎ പ്രവർത്തനം ഉടൻ അവസാനിപ്പിക്കാൻ ഇസ്രയേൽ

**ജറുസലം:** യുഎൻആർഡബ്ല്യുഎ (യുണൈറ്റ!!ഡ് നേഷൻസ് റിലീഫ് ആൻഡ് വർക്ക് ഏജൻസി ഫോർ പലസ്തീൻ) പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് നെസെറ്റ് (ഇസ്രയേൽ പാർലമെന്റ്) പാസാക്കിയ നിയമങ്ങൾ ഉടൻ നടപ്പിലാക്കണമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു. ഉത്തരവു നടപ്പിലാക്കുന്നതിനു യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കുന്നതല്ലെന്നും പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

കഴിഞ്ഞ ഒക്ടോബറിലാണ് യുഎൻആർഡബ്ല്യുഎയുമായി ഇസ്രയേലിനുള്ള എല്ലാ ബന്ധവും അവസാനിപ്പിക്കാനും ഏജൻസിയുടെ പ്രവർത്തനം നിർത്തലാക്കാനും രണ്ടു നിയമങ്ങൾ വലിയ ഭൂരിപക്ഷത്തോടെ നെസെറ്റ് പാസാക്കിയത്. ജനുവരി 30 ഓടെ പ്രവർത്തനം അവസാനിപ്പിച്ച് കിഴക്കൻ ജറുസലമിൽനിന്നു പിന്മാറാനാണ് ഏജൻസിക്ക് ഇസ്രയേൽ നിർദേശം നൽകിയിരുന്നത്. ഇതിനുപിന്നാലെ ഈ മാസം ആദ്യം യുഎൻആർഡബ്ല്യുഎയ്ക്കുള്ള ധനസഹായങ്ങൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള ഉത്തരവുകളിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പുവയ്ക്കുകയും ചെയ്തു.

യുഎൻആർഡബ്ല്യുഎ പ്രവർത്തനം അവസാനിപ്പിക്കുന്ന നിയമം അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. യുഎൻ സഹായ ഏകോപന ഓഫിസിന്റെ ആക്ടിങ് മേധാവി ജോയ്സ് മസൂയ ഈ തീരുമാനത്തെ അപകടകരവും അതിരുകടന്നതും എന്നു വിശേഷിപ്പിച്ചപ്പോൾ യുഎൻആർഡബ്ല്യുഎ കമ്മിഷണർ ജനറൽ ഫിലിപ്പ് ലസാരിനി ഈ നിയമങ്ങൾ പലസ്തീനികളുടെ കഷ്ടപ്പാടുകൾ വർധിപ്പിക്കുമെന്നും പറഞ്ഞു.





# അധ്യാപക പരിശീലന ശിൽപശാലയ്ക്ക് തുടക്കമായി

**പിറവം:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ അധ്യാപക പരിശീലന ശിൽപശാലയ്ക്ക് തുടക്കമായി. എഞ്ചിനിയേർഡ് മെറ്റീരിയൽസ് ഫോർ മൾട്ടിഡിസിപ്ലിനറി അപ്ലിക്കേഷൻസ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി എ.ഐ.സി.ടി.ഇയുടെ സഹകരണത്തോടെയാണ് അധ്യാപക പരിശീലന ശിൽപശാല നടക്കുന്നത്. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ നേതൃത്വത്തിലാണ് ശിൽപശാല. സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപർ പരിപാടിയിൽ പങ്കെടുക്കുന്നു. ഗവേഷണ കേന്ദ്രീകൃതമായ പുതിയ പഠനാനുഭവം പകർന്ന് നൽകുക എന്നതാണ് ആറ് ദിവസത്തെ ശിൽപശാലയുടെ പ്രധാന ലക്ഷ്യം. ശിൽപശാലയുടെ ഉദ്ഘാടനം എം.ജി സർവകലാശാല സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്ക്നോളജി ഡയറക്ടർ പ്രൊഫ.സാബു തോമസ് നിർവഹിച്ചു. ബംഗളൂവിലെ മോളിക്യൂൾസ് ബയോലാബ് ഡയറക്ടർ ഡോ.ശ്രീരാജ് ഗോപി മുഖ്യപ്രഭാഷണം നടത്തി. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. അജയ് കപൂർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല റജിസ്ട്രാർ പ്രോഫ. ടി.അശോകൻ, ഡീൻ പ്രോഫ. സുനിത ഗ്രാന്ധി തുടങ്ങിയവർ സംസാരിച്ചു. സർവകലാശാല അസിസ്റ്റന്റ് ഡീൻ ഡോ. പ്രവീൺ കെ.എം ചടങ്ങിന് സ്വാഗതവും, അസിസ്റ്റന്റ് പ്രോഫസർ അതുൽ രവി നന്ദിയും പറഞ്ഞു. സർവകലാശാലയുടെ ഓണക്കൂറിലെ ലളിതപ്രതിഷ്ഠാനിൽ നടക്കുന്ന ശിൽപശാല ശനിയാഴ്ച സമാപിക്കും.



# ഭവൻസിൽ അന്താരാഷ്ട്ര സമ്മേളനം: കൂടിയാട്ടം പ്രദർശനം സംഘടിപ്പിച്ചു

**കൊച്ചി:** സമഗ്രവും മൂല്യാധിഷ്ഠിതവുമായ മാനേജ്മെന്റ് വിദ്യാഭ്യാസം നൽകുന്നതിലുള്ള ദർശനവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്പിക് മാക്കെയുമായി സഹകരിച്ച് കൂടിയാട്ടം ഡെമൺസ്ട്രേഷൻ ലെക്ചർ സംഘടിപ്പിച്ചു. കൂടിയാട്ടം വിദഗ്ധ ഗുരു കലാമണ്ഡലം ഗിരിജയും സംഘവും ഡെമോൺസ്ട്രേഷൻ നയിച്ചു. കേരളത്തിന്റെ പുരാതന സംസ്കൃത നാടക രൂപമായ കൂടിയാട്ടത്തിന്റെ സൂക്ഷ്മതകളും വിശദമായ ചലനങ്ങളും കഥ പറയൽ സാങ്കേതികതകളും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുകയായിരുന്നു ലക്ഷ്യം. പരിപാടിയുടെ മുഖ്യ ആകർഷണമായിരുന്ന അചാര്യചൂഡാമണി എന്ന പ്രകടനം പ്രേക്ഷകരെ ആകർഷിച്ചു.

പ്രകടനത്തിന് ശേഷം കലാകാരന്മാർ ഭവൻസ് എം ബി എ വിദ്യാർഥികളുമായി സംവാദിച്ചു. അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. കലാകാരന്മാരെ ചടങ്ങിന്റെ സമാപനത്തിൽ ആദരിച്ചു.

ഉയർന്ന നിലവാരമുള്ള മാനേജ്മെന്റ് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ടി സി എസ് റിക്രൂട്ട്മെന്റ് ഹെഡ് ദീപ്തി ദാമോദരൻ നയിച്ച എച്ച് ആർ അനലിറ്റിക്സ് വർക്ക്ഷോപ്പും സംഘടിപ്പിച്ചു.

മൗണ്ട് സെയിന്റ് വിൻസെന്റ് യൂണിവേഴ്സിറ്റി കാനഡ, ഫ്രാഗോമാൻ എജുക്കേഷൻ സർവീസസ് എന്നിവയുമായി സഹകരിച്ച് ഫെബ്രുവരി 27ന് ജെൻ ഇസെഡിനായി 'മൂല്യസൃഷ്ടി പുനർനിർവചനം' എന്ന വിഷയത്തിൽ അന്താരാഷ്ട്ര സമ്മേളനം നടത്തും.



# അത്യധുനിക ടിഎംവിആർ ശസ്ത്രക്രിയയിലൂടെ രോഗിക്ക് പുതുജീവൻ

**കണ്ണൂർ:** 69 വയസ്സുള്ള രോഗിക്ക് ട്രാൻസ്കത്തീറ്റർ മിട്രൽ വാൽവ് റീപ്ലേസ്മെന്റ് (ടിഎംവിആർ) വിജയകരമായി നടത്തി കിംസ് ശ്രീചന്ദ് ആശുപത്രി. മുൻപ് രണ്ട് ഹൃദയ ശസ്ത്രക്രിയകൾ കഴിഞ്ഞിട്ടുള്ള രോഗിക്കാണ് ടിഎംവിആർ വഴി പുതുജീവൻ നൽകിയത്.രക്തം ശരിയായി ഒഴുകാതെ ബുദ്ധിമുട്ടിയിരുന്ന വ്യക്തിക്ക് 2003ൽ മിട്രൽ വാൽവ് റിപ്പയറും, 2015ൽ ബയോളജിക്കൽ വാൽവ് ഉപയോഗിച്ച് മിട്രൽ വാൽവ് മാറ്റിവെക്കലും ചെയ്തിരുന്നു. പിന്നീട് ശ്വാസതടസ്സം അനുഭവപ്പെട്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ പ്രോസ്തെറ്റിക് വാൽവിന്റെ പ്രവർത്തനം തകരാറിലായതായി കണ്ടെത്തുകയായിരുന്നു.വീണ്ടും തുറന്ന ഹൃദയ ശസ്ത്രക്രിയ നടത്തുന്നത് രോഗിയെ വലിയ അപകടത്തിലാക്കുമെന്ന സാഹചര്യത്തിലാണ് ടിഎംവിആർ എന്ന അത്യാധുനിക രീതിയിലുള്ള വാൽവ് മാറ്റിവെക്കൽ ശസ്ത്രക്രിയ നിർദേശിച്ചത്. തുറന്ന ശസ്ത്രക്രിയയില്ലാതെ, തുടയുടെ ഭാഗത്തുള്ള ഞരമ്പിലൂടെ (ഫെമറൽ വെയിൻ) കത്തീറ്റർ (ഒരു ചെറിയ ഉപകരണം) ഉപയോഗിച്ച് വാൽവ് മാറ്റിവെക്കുന്ന സങ്കീർണമായ ചികിത്സാരീതിയാണ് ടിഎംവിആർ.കിംസ് ശ്രീചന്ദ് ആശുപത്രിയിലെ വിദഗ്ധ ഡോക്ടർമാരുടെ സംഘം നടത്തിയ ശസ്ത്രക്രിയയ വിജയകരമായി പൂർത്തിയാക്കിയ രോഗി സുഖം പ്രാപിച്ച് വരികയാണെന്ന് ഡോ. രവീന്ദ്രൻ പി (മെഡിക്കൽ ഡയറക്ടർ & ചീഫ് ഓഫ് ഇന്റർവെൻഷണൽ കാർഡിയോളജി), ഡോ. സന്ദീപ് ഡോ. റയാൻ (കാർഡിയാക് അനസ്തേഷ്യ), ഡോ. ദിൽഷാദ് ടി.പി. (സി ഒ ഒ, കിംസ് ശ്രീചന്ദ് ഹോസ്പിറ്റൽ, കണ്ണൂർ) എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

# ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പുറത്തുവിടണം: കെസിബിസി ജാഗ്രത കമ്മീഷൻ

**കൊച്ചി;** ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പുറത്തുവിടണം: കെസിബിസി ജാഗ്രത കമ്മീഷൻ ആവശ്യപ്പെട്ടു. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് ഫെബ്രുവരി 17 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ഉന്നതതല അവലോകന യോഗം സംബന്ധിച്ച്, റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ മന്ത്രിസഭ പരിഗണിക്കുമെന്നും വകുപ്പുകൾക്ക് നടപ്പാക്കാൻ കഴിയുന്നതും ഇനിയും നടപ്പാകാത്തതുമായ നിർദ്ദേശങ്ങൾ ഉടൻ നടപ്പാക്കണമെന്നുമുള്ള മുഖ്യമന്ത്രിയുടെ വാക്കുകൾ ആശ്വാസകരമാണ്. ഇതുവരെയുള്ള നടപടിക്രമങ്ങൾ തൃപ്തികരമെന്ന് യോഗം വിലയിരുത്തിയതായും പ്രസ്താവനയിൽ പറയുന്നു. എന്നാൽ, ഇതുവരെ നടപ്പാക്കിയ നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും നടപടിക്രമങ്ങളിലെ പുരോഗതികളെന്തെന്നും വ്യക്തമാക്കാതെ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിങ്കളാഴ്ച ചേർന്ന ഉന്നതതല യോഗം സംബന്ധിച്ച പ്രസ്താവന മുഖവിലയ്ക്കെടുക്കാനാവില്ലെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, വൈസ് ചെയർമാൻമാരായ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ എന്നിവർ വാർത്താ കുറിപ്പിൽ വ്യക്തമാക്കി. മാത്രവുമല്ല, കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടണമെന്ന ആവശ്യവും ക്രൈസ്തവ സഭകളുടെയും സമുദായ സംഘടനാ നേതൃത്വങ്ങളുടെയും പ്രതിനിധികളുമായി ചർച്ചകൾ ഉണ്ടാകണമെന്ന ആവശ്യവും പരിഗണിക്കാൻ ഇനിയും തയ്യാറാകാത്തത് ദുരൂഹമാണ്.

അതിനാൽത്തന്നെ ഈ വിഷയത്തിൽ സത്യസന്ധമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ക്രൈസ്തവ സമൂഹത്തിന് ബോധ്യമാകണമെങ്കിൽ സർക്കാർ ഇക്കാര്യങ്ങളിൽ സുതാര്യത പുലർത്തുകയും ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുകയും വേണം. അല്ലാത്തപക്ഷം, ലോക്സഭാ ഇലക്ഷന് മുമ്പെന്നതിന് സമാനമായി പല അവസരങ്ങളിലും പറഞ്ഞ വെറും വാക്കുകൾ പോലെ എന്തെങ്കിലുമൊക്കെ ചെയ്യുന്നുണ്ട് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളുടെ ഭാഗം മാത്രമാണ് ഇത്തരം അവലോകന യോഗങ്ങളും പ്രസ്താവനകളും എന്ന് കരുതേണ്ടിവരും.

അതിനാൽ, ഇതുവരെ വിവിധ വകുപ്പുകൾ നടപ്പാക്കിയ ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ എന്തൊക്കെയാണെന്നും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ രേഖയായി പുറത്തുവിടാനും ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണ രൂപത്തിൽ പ്രസിദ്ധപ്പെടുത്താനും തുടർ ചർച്ചകളിൽ ക്രൈസ്തവ സമൂഹത്തിന്റെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്താനും സർക്കാർ തയ്യാറാകണമെന്നും ഇവർ ആവശ്യപ്പെട്ടു.

# കെസിബിസി വുമൺസ് കമ്മീഷൻ: പുതിയ സാരഥികൾ സ്ഥാനമേറ്റു

**കൊച്ചി :** 2025 –2028 കാലഘട്ടത്തിലേക്കുള്ള കെസിബിസി വിമൺസ് കമ്മീഷന്റെ പുതിയ ഭരണസമിതി ചുമതലയേറ്റു. ചെയർമാൻ ബിഷപ്പ് പീറ്റർ കൊച്ചുപുരയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.



ഒന്നിച്ചുള്ള പ്രവർത്തനങ്ങൾ സാമൂഹിക നന്മയിലേക്ക് നയിക്കുന്നവയാകണമെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ ആത്മീയവളർച്ചയ്ക്കു സഹായകരമാകണമെന്നും ക്രിസ്തീയ മൂല്യങ്ങൾ കൈമോശം വരാതെ കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രൊഫ. ഡോ. ജിബി ഗീവർഗ്ഗീസ് പുതിയ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സ്ഥാനമേറ്റു. ജയിൻ ആൻസിൽ ഫ്രാൻസിസ്, ഫാ. തോമസ് തറയിൽ (കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ & പിഒസി ഡയറക്ടർ), ഫാ. ബിജു കല്ലിങ്കൽ, ഫാ. ജോസ് പാറയിൽകട, ഡെൽസി ലൂക്കാച്ചൻ, ആനി ജോസഫ്, ശ്രീമതി ഷേർളി സ്റ്റാൻലി, ബീനാ ജോഷി തുടർങ്ങിയവർ സംസാരിച്ചു.

# ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയിൽ വികേന്ദ്രീകരിക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** പരമാവധി മരുന്ന് സംഭരിച്ച് ഹീമോഫീലിയ ചികിത്സ സാധ്യമായ രീതിയിൽ വികേന്ദ്രീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹീമോഫീലിയ രോഗികളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാനുള്ള നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഹീമോഫീലിയ രോഗ പരിചരണത്തിന് രാജ്യത്ത് ആദ്യമായി നൂതന ചികിത്സയായ വിലയേറിയ എമിസിസുമാബ് പ്രൊഫൈലാക്സിസ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. 18 വയസിന് താഴെയുള്ള കുട്ടികൾക്കും 18 വയസിന് മുകളിലുള്ള ഗുരുതര രോഗികൾക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശാനുസരണവും എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നു.

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിലുള്ള ഉന്നതതല യോഗം ഹീമോഫീലിയ രോഗികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഹീമോഫീലിയ രോഗത്തിനുള്ള മരുന്ന് പ്രതിസന്ധി കഴിഞ്ഞ ഒരു വർഷമായി ആഗോള തലത്തിലുള്ളതിനാൽ വിവിധ കമ്പനികളെ ആശ്രയിച്ച് വേണ്ട ഇടപെടലുകൾ നടത്തി വന്നിരുന്നു. എന്നാൽ ഈ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിലാണ് മരുന്ന് സംഭരണത്തിനും വികേന്ദ്രീകരണത്തിനും മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നത്.

നിലവിൽ കുട്ടികളും മുതിർന്നവരും ഉൾപ്പെടെ 324 പേർക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നുണ്ട്. കഴിഞ്ഞ വർഷം 58 കോടിയോളം രൂപയുടെ ചികിത്സയാണ് സൗജന്യമായി നൽകിയത്.

ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയായ ആശാധാര പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കി വരുന്നത്. 2194 ഹീമോഫീലിയ രോഗികളുടെ ചികിത്സയും പരിചരണവും ഈ പദ്ധതിയിലൂടെയാണ് നൽകിവരുന്നത്.

ഹീമോഫിലിയ പോലെയുള്ള അപൂർവ രോഗം ബാധിച്ചവരെ പ്രത്യേകമായി ചേർത്തുനിർത്തുന്ന സമീപനമാണ് സർക്കാർ എക്കാലവും സ്വീകരിച്ചു വരുന്നതെന്നും മന്ത്രി പറഞ്ഞു.

# സർക്കാർ ഹെൽത്ത് സെന്ററിൽ മതചടങ്ങ്: മുഖ്യമന്ത്രി മറുപടി പറയണം: വി.എച്ച്.പി

**കൊച്ചി;** സിപിഎം ഭരിക്കുന്ന കായംകുളം നഗരസഭയിൽ 43 ാം ഡിവിഷനിൽ  ആരംഭിച്ച സർക്കാർ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററിന്റെ ഉദ്ഘാടനത്തിനോടനുബന്ധിച്ച് മുസ്ലിം പണ്ഡിതന്മാർ നടത്തിയ മതപരമായ ചടങ്ങ് ഭരണഘടനാ ലംഘനമാണെന്നും സംസ്ഥാന സർക്കാരും മുഖ്യമന്ത്രിയും ഇതിൽ മറുപടി പറയണമെന്നും വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു. ഹെൽത്ത് സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് സിപിഎം നേതാവും മന്ത്രിയുമായ സജി ചെറിയാനും അധ്യക്ഷത വഹിച്ചത് സിപിഎം നേതാവും കായംകുളം എംഎൽഎയുമായ യു. പ്രതിഭയുമായിരുന്നു. 43  ാം ഡിവിഷൻ മെമ്പർ മുസ്ലിം ലീഗിൽ നിന്നുള്ള വ്യക്തിയാണെന്നതിന്റെ പേരിൽ ഇത്തരത്തിൽ സർക്കാർ സ്ഥാപനത്തിൽ മതപരപമായ ചടങ്ങ് സംഘടിപ്പിച്ചത് നഗ്നമായ ഭരണഘടനാ ലംഘനം മാത്രമല്ല ന്യൂനപക്ഷ പ്രീണനവുമാണ്. രാജ്യത്ത് നിലനിൽക്കുന്ന മതേതര ജനാധിപത്യ മൂല്യങ്ങൾ ബലികഴിച്ചുകൊണ്ട് മുസ്ലിം ലീഗിന്റെ താൽപ്പര്യങ്ങൾക്ക് സിപിഎമ്മും സർക്കാരും കുട പിടിക്കുന്നുവെന്നാണ് ഇതിലൂടെ വ്യക്തമാക്കപ്പെടുന്നത്. രാജ്യത്തിന്റെ നട്ടെല്ലായ ഭരണഘടനാ തത്വങ്ങൾ കാറ്റിൽപ്പറത്തുന്ന സമീപനം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. സദാസമയവും ഭരണഘടനയെ ഉയർത്തിക്കാട്ടി സംസാരിക്കുന്നവർക്ക് ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളതെന്നും സിപിഎം നേതൃത്വവും സർക്കാരും നിലപാട് വ്യക്തമാക്കണമെന്നും വിഎച്ച്പി നേതാക്കൾ ആവശ്യപ്പെട്ടു.

# ലെവൽ ക്രോസ്സുകൾ ഇല്ലാത്ത കേരളം ലക്ഷ്യം: മന്ത്രി മുഹമ്മദ് റിയാസ്

## മുളന്തുരുത്തി റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്തു

**കൊച്ചി;** സംസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ റെയിൽവേ മേൽപ്പാലങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്ആദ്യമായിട്ടാണെന്നു പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ്. മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി അനവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കുന്ന എട്ടാമത്തെ മേൽപ്പാലമാണ് മുളന്തുരുത്തിയിലേത്.

സർക്കാർ അനുമതിയോടെ 21. 28 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയാണ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഭൂമി ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 25.32 കോടി രൂപ വകയിരുത്തി.

ഒരുപാട് സമയം യാത്രക്കാർക്ക് ലെവൽ ക്രോസ്സിൽ ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാക്കുന്നുണ്ട്. ഇതു പരിഹരിക്കാനാണ് കൂടുതൽ മേൽപ്പാലങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നത്. എട്ടു മേൽപ്പാലങ്ങളുടെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. അവ 2025 ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് ആകെ 60 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 2028 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 1800 കോടി കിഫ്ബി വഴിയാണ്. കിഫ്ബി സർക്കാരിന്റെ പശ്ചാത്തല വികസന മേഖലയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കേരളത്തിന്റെ വികസന കരുത്തിൽ പൊന്മുട്ടയിടുന്ന താറാവായി കിഫ്ബി മാറിയിട്ടുണ്ട്. റോഡ്, കെട്ടിടങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി മികച്ച സംഭാവനയാണ് നൽകുന്നത്.

2016 മുതൽ പരിശോധിച്ചാൽ അനവധി പദ്ധതികൾ പശ്ചാത്തല വികസന മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. തടസ്സമില്ലാത്ത റോഡ് ശൃംഖല എന്ന സ്വപ്നത്തിന്റെ ഭാഗമായിട്ടാണ് ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന പദ്ധതിക്ക് രൂപം നൽകിയത്.

പിറവം നിയോജകമണ്ഡലത്തിന്റെ സാധ്യമാകുന്ന എല്ലാ വികസന പ്രവർത്തനങ്ങൾക്കും എല്ലാവിധ പിന്തുണയും നൽകുമെന്നും മന്ത്രി പറഞ്ഞു. അനവധി ഘട്ടങ്ങളിലൂടെ കടന്നുപോയ മുളന്തുരുത്തി റെയിൽവേ മേൽപ്പാല പദ്ധതി നാടിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പൂർത്തീകരിക്കാൻ സാധിച്ചതെന്നു ചടങ്ങിൽ ആധ്യക്ഷം വഹിച്ച അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു.

കേരള സർക്കാർ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് മുളന്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചത്. പിറവം മണ്ഡലത്തിലെ ചോറ്റാനിക്കര

മുളന്തുരുത്തി റോഡിലെ ലെവൽ ക്രോസ് നമ്പർ 12ന് പകരമായാണ് മേൽപ്പാലം പൂർത്തീകരിച്ചിട്ടുള്ളത്. മേൽപാലത്തിന്റെ നിർമ്മാണത്തിനായി 58.25 ആർ ഭൂമി സർക്കാർ ഏറ്റെടുക്കുകയും 4.19 കോടി ഇതിനായി ചെലവാക്കുകയും ചെയ്തു.

രണ്ടു വരി ഗതാഗതം സാധ്യമാകുന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ള മേൽപ്പാലത്തിന് 530 മീറ്റർ നീളവും,9.50 മീറ്റർ വീതിയും ഉണ്ട്. പാലത്തിന് ഒരുവശത്ത് നടപ്പാതയും ഇരുവശത്തും സർവീസ് റോഡുകളും നിർമ്മിച്ചിട്ടുണ്ട്.അഡ്വ കെ ഫ്രാൻസിസ് ജോർജ്ജ് എം പി ചടങ്ങിൽ മുഖ്യാതിഥിയായി. ജോസ് കെ മാണി എംപി ഓൺലൈനായും ചടങ്ങിൽ പങ്കെടുത്തു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം ആർ രാജേഷ്, ജില്ലാ പഞ്ചായത്ത് മെമ്പർ എൽദോ ടോം പോൾ, എംഎൽഎമാരായ വിജെ പൗലോസ് എം.ജെ ജേക്കബ്, ആർ ബി ഡി സി കെ അഡീഷണൽ ജനറൽ മാനേജർ ഐസക്ക് വർഗീസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# ശിവഗിരിയിൽ ഗുരുദർശന പഠന ക്യാമ്പ് ഒരുക്കങ്ങളായി

**ശിവഗിരി:** ഗുരുധർമ്മ പ്രചാരണ സഭയുടെ നേതൃത്വത്തിൽ മാർച്ച് 1,2,3 തീയതികളിൽ ശിവഗിരി മഠത്തിൽ നടത്തുന്ന ഗുരുദർശന പഠന ക്യാമ്പിൻറെ ഒരുക്കങ്ങളാരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും ഉള്ളവർ ക്ലാസിൽ പങ്കെടുക്കും. പഠനം പൂർത്തിയാക്കുന്നവർക്ക് ശിവഗിരി മഠത്തിൻറെ മാർഗ്ഗനിർദ്ദേശാനുസരണം ക്ലാസുകൾ നടത്തുന്നതിന് അവസരം ലഭ്യമാകും. ഗുരുധർമ്മ പ്രചരണസഭാ ജില്ലാ, മണ്ഡലം, യൂണിറ്റ് തലങ്ങളിൽ പ്രാർത്ഥനാ യോഗങ്ങളും പഠന ക്ലാസുകളും, ധർമയിമാംസാപരിഷത്തുകളിലും ശിവഗിരിയിൽ നിന്ന് പരിശീലനം നേടിയവർക്കു അവസരം ലഭ്യമാകും.

ശിവഗിരിയിലെ പരിശീലന ക്യാമ്പിന് ധർമ്മ സംഘത്തിലെ സന്യാസി ശ്രേഷ്ഠരും മറ്റു പ്രമുഖരും നേതൃത്വം നൽകും.

# കുസാറ്റിൽ മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൻറെ ആഭിമുഖ്യത്തിൽ 19 വരെ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം കുസാറ്റ് രജിസ്ട്രാർ പ്രൊഫ. ഡോ. അരുൺ എ.യു ഉദ്ഘാടനം ചെയ്തു.

വ്യവസായ വിദഗ്ദ്ധർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാമിൽ കൊച്ചിൻ ഷിപ്പ്യാർഡ്, സിഐ എൽ, എച്ച്ഒസിഎൽ, സിന്തൈറ്റ്, എഫ്എസിടി, സൗത്ത് ഇന്ത്യൻ ബാങ്ക്, പ്ലാൻറ് ലിപിഡ്സ്, സിഎംആർഎൽ, ആംഫിനോൾ എഫ് സ്ഐ, ജിയോജിത്ത് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

കുസാറ്റ് ഹാൾ ഓഫ് ഫെയിമിൽ വെച്ച് നടന്ന ചടങ്ങിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. സക്കറിയ കെ. എ. അദ്ധ്യക്ഷത വഹിച്ചു. ഐക്യുഎസി ഡയറക്ടറും ഡീനുമായ പ്രൊഫസർ ഡോ. സാം തോമസ് സ്വാഗതം ആശംസിച്ചു.

റിട്ട. സീനിയർ പ്രൊഫസർ ഡോ. ഭാസി എം. പരിപാടി അവലോകനം ചെയ്തു. സിഡെക് ഡയറക്ടറും അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. സ്മിജു ഐ.എസ്. മിസ്റ്റർ റോഷൻ കോശി തോമസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

കൺസൾട്ടൻസി, പരിശീലനം, ഇന്റേൺഷിപ്പുകൾ എന്നിവയിലൂടെ വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനയി ഭാവിയിൽ ഇത്തരം മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകൾ തുടരുമെന്ന് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെൻറ് അറിയിച്ചു.

# എസ്ജെസിസിയിൽ എൻലിവൻ അനിമേഷൻ ഡിസൈൻ ഫെസ്റ്റ് ആരംഭിച്ചു

**ചങ്ങനാശേരി:** സെൻറ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷനിൽ എൻലിവൻ 2025 അനിമേഷൻ ഡിസൈൻ ഫെസ്റ്റിൻറെ ഉദ്ഘാടനം അനിമേഷൻ ഫിലിം ഡയറക്ടറും നിർമാതാവുമായ ശില്പ റാനഡെ നിർവഹിച്ചു.

രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഫെസ്റ്റിൽ അനിമേഷൻ സിനിമകളുടെ പ്രദർശനവും ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ധരുടെ ക്ലാസുകളും സംവാദവും അനിമേഷൻ ഡിസൈൻ എക്സിബിഷനും നടക്കും.

കോളജ് പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് പാറയ്ക്കൽ, അക്കാദമിക് ഡയറക്ടർ റവ. ഡോ. മാത്യു മുരിയങ്കരി, വൈസ് പ്രിൻസിപ്പൽ തോമസ് ജോസഫ്, ഡിപ്പാർട്ടമെൻറ് ഹെഡ് സജി ലൂക്കോസ്, കോഓർഡിനേറ്ററുമാരായ ബിനു വർഗീസ്, ബിബിൻ തോമസ് എന്നിവർ പ്രസംഗിച്ചു. മുംബൈ ഐഐടി പ്രൊഫസറായ ശില്പ റാനഡെ സംവിധാനം ചെയ്ത അനിമേഷൻ ചിത്രമായ 'ഗൂപി ഗവയ്യ ബാഗാ ബജയ്യ' ഫെസ്റ്റിൽ പ്രദർശിപ്പിച്ചു.

കേരളമൊട്ടാകെയുള്ള കോളജുകൾ പങ്കെടുക്കുന്ന മെലാഞ്ച് ഇൻറർ കോളജ് ഫെസ്റ്റിൻറെ മുന്നോടിയായയാണ് എൻലിവൻ2025 സംഘടിപ്പിക്കുന്നത്. വ്യാഴം, വെള്ളി ദിവസങ്ങളിലാണ് മെലാഞ്ച്.

# വിജ്ഞാന ആലപ്പുഴ തൊഴിൽമേള: ജോലി ലഭിച്ചവർക്ക് യാത്രയയപ്പ് നൽകി

**ആലപ്പുഴ:** വിജ്ഞാന ആലപ്പുഴ മെഗാതൊഴിൽമേളയുടെ ഭാഗമായി സിയറ്റ് കമ്പനിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർഥികളെ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ യാത്രയാക്കി. ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ എം വി പ്രിയ ഉദ്യോഗാർഥികൾക്ക് പൂച്ചെണ്ടുകൾ നൽകി യാത്രാശംസകൾ നേർന്നു. കൊമ്മാടി സ്വദേശിനി ബി ആതിര, വെളിയനാട് സ്വദേശിനി പി എസ് ആര്യ, ചേർത്തല സ്വദേശിനി ആര്യപുത്രി, വയലാർ സ്വദേശിനി ലക്ഷ്മി കൃഷ്ണ എന്നിവരാണ് ആലപ്പുഴ  ചെന്നൈ എക്സ്പ്രസിൽ ജോലിക്കായി യാത്ര തിരിച്ചത്. ഫെബ്രുവരി 11ന് നടത്തിയ സിയറ്റ്  കമ്പനിയുടെ ചെന്നൈ ശാഖയിലേക്കുള്ള ഓൺലൈൻ അഭിമുഖം വഴിയാണ് ഇവർ തിരഞ്ഞെടുക്കപ്പെട്ടത്. അസോസിയേറ്റ് ട്രെയിനി ഒഴിവിലാണ് നിയമനം. ഫെബ്രുവരി 20 മുതൽ ഇവർ ജോലിയിൽ പ്രവേശിക്കും. ജില്ലാ പഞ്ചായത്തംഗം ആർ റിയാസ്, വിജ്ഞാന ആലപ്പുഴ ജില്ലാ മിഷൻ കോഡിനേറ്റർ സി കെ ഷിബു, ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് പി വി വിനോദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റെനി സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്ത് ഹെഡ് ക്ലാർക്ക് പി ദീപു, മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവരും യാത്രയയപ്പിൽ പങ്കെടുത്തു.

# മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണത്തിലൂടെ ശ്രദ്ധ നേടി തദ്ദേശ ദിനാഘോഷം 2025 എക്സിബിഷൻ ഹാൾ

**തൃശൂർ:** അജൈവ മാലിന്യ ശേഖരണത്തിനായി ജൈവകുട്ടകൾ, പാഴ് വസ്തുക്കളെക്കൊണ്ട് അലങ്കാര വസ്തുക്കളും നിതേ്യാപയോഗ വസ്തുക്കളും, മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയ മാതൃകകൾ തുടങ്ങി മാലിന്യ നിർമ്മാർജ്ജന സന്ദേശങ്ങളിലൂടെ ശ്രദ്ധയാകർഷിക്കുകയാണ് കേരള സംസ്ഥാന തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് ഒരുക്കിയ പ്രദർശനശാല.

സംഘാടകരും പ്രദർശനത്തിനെത്തിയവരും മാലിന്യ സംസ്കരണത്തിലെ ജൈവ ബദൽ സംവിധാനങ്ങൾക്ക് പ്രാധാന്യം കൊടുത്തതോടെ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റേയും പുനരുപയോഗ സാധ്യതകളുടേയും ചർച്ചാവേദിയായി തദ്ദേശ ദിനാഘോഷ പ്രദർശനശാല മാറി. മാലിന്യ നിർമ്മാർജ്ജനത്തിന് ബോധപൂർവ്വമായ ഇടപെടൽ നമുക്ക് ഇവിടെ കാണാം. എക്സിബിഷൻ പരിസരത്തും തദ്ദേശ ദിനാഘോഷം നടക്കുന്ന മറ്റു വേദികളിലുമായി മാലിന്യം നിക്ഷേപിക്കുന്നതിന് ഇരുപത്തിനാലോളം ജൈവ കുട്ടകൾ ശുചിത്വ മിഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നഗര സഭയുടെ ബോട്ടിൽ ബൂത്തുകളും ഉണ്ട്. ഗുരുവായൂർ നഗരസഭയുടെ ഹരിത കർമ്മ സേനാംഗങ്ങൾ നിശ്ചിത സമയങ്ങളിൽ വന്ന് മാലിന്യം നീക്കം ചെയ്തുകൊണ്ടിരിക്കുന്നു.

മാലിന്യ സംസ്കരണത്തിന് വലിയ വെല്ലുവിളിയായ ഡയപ്പറുകൾ സംസ്കരിക്കാൻ സ്വന്തമായി രൂപ കൽപ്പന ചെയ്ത യന്ത്രം 'എളവള്ളി മോഡൽ ഡയപ്പർ ഇൻസിനറേറ്റർ' പരിചയപ്പെടുത്തിക്കൊണ്ടാണ് എളവള്ളി ഗ്രാമ പഞ്ചായത്ത് പ്രദർശനശാലയിൽ പങ്കെടുത്തിരിക്കുന്നത്. ഒരു കാലത്ത് ദുർഗന്ധം മൂലം ബുദ്ധിമുട്ടിയിരുന്ന ചൂൽപ്പുറത്തെ മാലിന്യ സംസ്കരണ കേന്ദ്രം എങ്ങനെ പൂങ്കാവനമായി മാറിയെന്ന് ഗുരുവായൂർ നഗരസഭ ഒരുക്കിയ സ്റ്റാളിൽ വന്നാൽ കാണാം. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും മാലിന്യങ്ങൾ പ്രോസസ്സ് ചെയ്തെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങളും വിശദീകരിച്ചു കൊണ്ട് ക്ളീൻ കേരളയുടെ സ്റ്റാളും എക്സിബിഷൻ ഹാളിന്റെ ഭാഗമായുണ്ട്.

അതോടൊപ്പം പഴയ തുണികളിൽ നിന്നും പ്രോസസ്സ് ചെയ്തെടുത്ത വിവിധ തരം ബാഗുകളും ക്ളീൻ കേരളയുടെ സ്റ്റാളിൽ വിൽപ്പനയ്ക്കായി ഒരുക്കിയിരിക്കുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ സ്റ്റാളിൽ വന്നാൽ മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി പ്രതിജ്ഞയിൽ പങ്കെടുക്കാനും തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ കയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റ് ഇമെയിൽ ലഭിക്കാനും എക്സിബിഷനിൽ പങ്കെടുക്കുന്നവർക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

വേലൂർ, പുറത്തൂർ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളിലെ കുട്ടികൾ നിർമ്മിച്ച വിവിധ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയുമാണ് ഇവിടത്തെ മറ്റൊരു ശ്രദ്ധാകേന്ദ്രം.

വേലൂർ തളിർ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികൾ അവർ നിർമ്മിച്ച പെയ്ന്റിങ്ങുകൾ, അലങ്കാര വസ്തുക്കൾ, സ്ക്വാഷുകൾ, എൽഇഡി ബൾബുകൾ തുടങ്ങിയവയുമായി എത്തിയപ്പോൾ പുറത്തൂർ ബഡ്സ് സ്കൂളിലെ കുട്ടികൾ ഫോട്ടോ ഫ്രെയ്മുകളും ബഡ്സ് വാഷിംഗ് പൗഡറുകളുമായെത്തി. അധ്യാപകരും ആയമാരും ട്രെയിനിങ് നൽകി കുട്ടികൾ തന്നെ നിർമ്മിച്ച ഉത്പന്നങ്ങളാണ് ഇവിടെ പ്രദർശനത്തിന് വച്ചിരിക്കുന്നത്. ഇവ കൂടാതെ കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങൾ, വിവിധ ഗ്രാമങ്ങളുടെ തനത് ഉത്പന്നങ്ങൾ, വിവിധ ജില്ലകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റു സർക്കാർ സ്ഥാപങ്ങളുടെയും ഉത്പന്നങ്ങളും സർക്കാർ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള സ്റ്റാളുകളും ഇവിടെയുണ്ട്.

# കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ രാജ്യത്തിന് മാതൃകയെന്ന് മന്ത്രി രാജേഷ്

**തൃശൂർ:**കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ലൈഫ് ഭവന പദ്ധതി, ഡിജിറ്റൽ സാക്ഷരത, നഗര നയത്തിലെ ഇടപെടലുകൾ എന്നിവ വഴി രാജ്യത്തിന് തന്നെ മാതൃകയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയാണെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് വാർത്താ സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു.

തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു നടത്തിയ പത്ര സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ പദ്ധതികളിൽ വകുപ്പ് നേടിയ നേട്ടങ്ങൾ മന്ത്രി വിശദീകരിച്ചു.അതിദരിദ്രർ ഇല്ലാത്ത കേരളം ലക്ഷ്യമിട്ട സർക്കാരിന് സംസ്ഥാനത്തെ 46,197 കുടുംബങ്ങളെ ഭക്ഷണം, ആരോഗ്യം, വരുമാനം എന്നിവ കണ്ടെത്തി ഭാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ സാധിച്ചു. 1160 കോടി രൂപ ഇക്കുറി വകയിരുത്തിയ ലൈഫ് പദ്ധതിയിൽ നിലവിൽ

4,29,425 വീടുകൾ പൂർത്തിയാക്കി ആറര ലക്ഷം വീടുകൾ എന്ന ലക്ഷ്യത്തിലേക്ക് സർക്കാർ നീങ്ങുകയാണ്.

മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യവുമായി നീങ്ങുന്ന സർക്കാരിന് 2023മാർച്ച് മുതൽ 2024 നവംബർ വരെയുള്ള കാലയളവിൽ വാതിൽപ്പടി ശേഖരണം 47 ശതമാനത്തിൽ നിന്നും 90 ശതമാനം ആയി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞു. യൂസർഫീ ശേഖരണം, ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം, മിനി എം സി എഫുകൾ, എംസി എഫുകൾ എന്നിവയുടെ എണ്ണത്തിലും വർദ്ധന ഉണ്ടായി. ബ്രഹ്മപുരം ഉൾപ്പെടെ പത്തോളം മാലിന്യ കൂമ്പാരങ്ങൾ ഈ വർഷത്തോടെ പൂർണ്ണമായും നീക്കം ചെയ്യും.

പ്രാദേശിക ഭരണ നിർവ്വഹണം കടലാസ് രഹിതമാക്കി ഓൺലൈനാക്കാൻ കൊണ്ടുവന്ന കെ സ്മാർട്ട് പദ്ധതി നിലവിൽ എല്ലാ കോർപ്പറേഷൻ നഗരസഭകളിലും മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്നു. അത് സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് കേന്ദ്രങ്ങളിൽ വ്യാപിപ്പിക്കും. നിലവിൽ 27.92 ലക്ഷം ഫയലുകൾ വന്നതിൽ 20.74 ലക്ഷത്തിൽ അധികം ഫയലുകളും തീർപ്പാക്കാൻ കെ സ്മാർട്ട് വഴി കഴിഞ്ഞു. എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത എന്ന ലക്ഷ്യവുമായി സർക്കാർ നീങ്ങുകയാണ്. വൈകാതെ രാജ്യത്തെ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളത്തെ മാറ്റിയുള്ള പ്രഖ്യാപനം ഉണ്ടാകും.

2025 മാർച്ചോടെ സംസ്ഥാന സർക്കാർ നഗരനയ കമ്മീഷൻ അന്തിമ റിപ്പോർട്ട് സമർപ്പിക്കും. ഈ റിപ്പോർട്ട് അടിസ്ഥാനമാക്കി അന്തർദേശീയ നഗര വികസന സമ്മേളനം സർക്കാർ ഈ വർഷം തന്നെ സംഘടിപ്പിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ഥിരം അദാലത്ത് നടത്തുന്നതിന്റെ ഭാഗമായി വെബ് പോർട്ടൽ വഴി ആർക്കും അപേക്ഷകൾ സമർപ്പിക്കാം. എല്ലാ ജില്ലകളിലും കോർപറേഷൻതലത്തിലും നടന്ന അദാലത്തുകളിൽ തദ്ദേശ വകുപ്പ് മന്ത്രി തന്നെ നേരിട്ടെത്തി പരാതികൾ കേൾക്കുകയും 17,171 എണ്ണം തീർപ്പാക്കുകയും ചെയ്തുവെന്നും മന്ത്രി പറഞ്ഞു.എൽ എസ് ജി ഡി (അർബൻ) ഡയറക്ടർ സൂരജ് ഷാജി, ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ എന്നിവരും മന്ത്രിയോടൊപ്പം പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

# തൃത്താലയിൽ ഹോം ഷോപ്പ് പദ്ധതി ആരംഭിച്ചു

**പാലക്കാട്:** കുടുബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന ഹോം ഷോപ്പ് പദ്ധതി തൃത്താല സി.ഡി.എസ്സിൽ തുടക്കമായി. ഇതോടെ ഈ സാമ്പത്തിക വർഷത്തിൽ ഒരു ബ്ലോക്കിലെ എല്ലാ സി.ഡി.എസ്സുകളിലും ഹോം ഷോപ്പ് ആരംഭിച്ച ജില്ലയിലെ ആദ്യ ബ്ലോക്ക് ആയി മാറി തൃത്താല.

ഉൽപ്പാദന വിതരണ വിപണന മേഖലയിൽ ഇടനിലക്കാരില്ലാതെ സംരംഭകർക്ക് പൂർണ്ണമായും പ്രയോജനപ്പെടുന്ന രീതിയിലുള്ള ഹോം ഷോപ്പ് പദ്ധതിയുടെ ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനം തൃത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ ജയ നിർവ്വഹിച്ചു.

തൃത്താല ഹോം ഷോപ്പ് പദ്ധതിയുടെ ഉദ്ഘാടനം തൃത്താല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി ശ്രീനിവാസൻ നിർവഹിച്ചു. പരിപാടിയിൽ തൃത്താല ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ അരവിന്ദാക്ഷൻ അധ്യക്ഷനായി. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ സുജിത, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി.ദീപ, ടി.വിസബിത, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഗോപിനാഥൻ, ഗിരിജ, സുജാത, പ്രിയ, വിജീഷ്, സീനത്ത്, പത്തിൽ അലി, ഫർഹാന, ജില്ലാ പ്രോഗ്രാം മാനേജർ ചിന്തു മാനസ്, മെമ്പർ സെക്രട്ടറി ഷാജ്, എം.ഇ കൺവീനർ ടി.പി ജിജി, സി.ഡി.എസ്,എ.ഡി.എസ് അംഗങ്ങൾ, സംരംഭകർ, എം.ഇ.സിമാർ, ബ്ലോക്ക് കോ ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

# അതിദാരിദ്ര കുടുംബങ്ങൾക്കു ഭൂമി കണ്ടെത്താൻ ഉടൻ നടപടി സ്വീകരിക്കും

**മലപ്പുറം:** മലപ്പുറം ജില്ലയിൽ അതിദാരിദ്ര്യ കുടുംബങ്ങളിൽ പെട്ട ഭൂരഹിത ഭവനരഹിതരായ കുടുംബങ്ങൾക്കു ഭൂമി കണ്ടെത്തുന്നതിനായി ഉടൻ നടപടി സ്വീകരിക്കുമെന്നു ജില്ലയുടെ ചുമതലയുള്ള കായിക ന്യൂനപക്ഷ ക്ഷേമ ഹജ്ജ് വഖഫ് വകുപ്പ് മന്ത്രി വി അബ്ദുറഹിമാൻ പറഞ്ഞു.

ജില്ലയിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 502 കുടുംബങ്ങൾക്കാണ് ഇനി ഭൂമി കണ്ടെത്താനുള്ളത് . ഇതിൽ 166 പേര് ഏകാംഗ കുടുംബങ്ങൾ ആണ്. ശേഷിക്കുന്ന 336 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിനും ഭവന നിർമ്മാണത്തിന് സ്പോൺസർഷിപ്പിനുമായി മന്ത്രിയുടെ നേതൃത്വത്തിൽ താലൂക്ക് തലങ്ങളിൽ വിവിധ വകുപ്പുകളുടെയും ഭൂവുടമകളുടെയും യോഗം വിളിക്കും.

ഇതുമായി ബന്ധപ്പെട്ട് മന്ത്രിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ വി.ആർ വിനോദ്, സബ് കളക്ടർമാരായ അപൂർവ ത്രിപാഠി, ദിലീപ് കെ കൈനിക്കര, ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കരുതലും കൈത്താങ്ങും അദാലത്തുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ വിവിധ താലൂക്കുകളിൽ ലഭിച്ച പരാതികൾ പരിഹരിച്ചതിന്റെ പുരോഗതിയും യോഗം വിലയിരുത്തി. പരാതികൾ പരിഹരിക്കുന്നതിൽ സർക്കാറിന്റെ ഇടപെടൽ ആവശ്യമുള്ള വിഷയങ്ങൾ ഉടനടി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ മന്ത്രി നിർദേശം നൽകി.

# താനൂർ ഓട്ടിസം പാർക്ക് ശിലാസ്ഥാപനം നിർവഹിച്ചു

**മലപ്പുറം:** താനൂർ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി 200 കോടി രൂപ ചെലവഴിച്ചതായി മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. താനൂർ ശോഭ ജിഎൽപി സ്കൂൾ കെട്ടിട ഉദ്ഘാടനവും ഓട്ടിസം പാർക്ക് ശിലാസ്ഥാപനവും നിർവ്വഹിക്കുകയായിരുന്നു മന്ത്രി. കായിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഹെൽത്തി കിഡ്സ്' പദ്ധതിയുടെ ഒരു കേന്ദ്രം താനൂർ ശോഭ ജിഎൽപി സ്കൂളാണെന്ന് മന്ത്രി പറഞ്ഞു. താനൂരിന്റെ സാംസ്കാരിക ഭൂപടത്തിൽ ഏറെ പ്രാധാന്യമുള്ള സ്കൂളാണ് ശോഭ ജിഎൽപി സ്കൂളെന്നും ആ സാംസ്കാരിക തനിമ നിലനിർത്തിയുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയതെന്നും മന്ത്രി പറഞ്ഞു.

നഗരസഭ ചെയർമാൻ റഷീദ് മോര്യ അധ്യക്ഷനായി. പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗോപൻ മുക്കുളത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭ വൈസ് ചെയർപേഴ്സൺ സി കെ സുബൈദ, സ്ഥിരംസമിതി അധ്യക്ഷരായ പി പി മുസ്തഫ, നാസിറ സിദ്ദീഖ്, കൗൺസിലർമാരായ ഉമ്മുകുൽസു, ഇ കുമാരി, ബിപിസി കെ കുഞ്ഞികൃഷ്ണൻ, പി അജയ്കുമാർ, ഒ കെ ബേബിശങ്കർ, ഡോ.ഹനീഫ, രാഷ്ട്രീയ പാർടി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു. പ്രധാനാധ്യാപിക എ റസിയ സ്വാഗതവും പിടിഎ പ്രസിഡന്റ് സുനീർബാബു നന്ദിയും പറഞ്ഞു.

# 43 ഗ്രാമീണ റോഡുകൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ

**പത്തനംതിട്ട:** പാർലമെന്റ് മണ്ഡലത്തിലുൾപ്പെടുന്ന പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലെ 43 ഗ്രാമീണ റോഡുകൾ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ നാലാംഘട്ടത്തിൽ ഇടംനേടിയതെന്ന് ആന്റോ ആന്റണി എം.പി. അറിയിച്ചു.

ആറു മീറ്റർ വീതിയും 500 മീറ്റർ നീളവുമുള്ള ഗ്രാമീണ റോഡുകളാണ് പട്ടികയിൽ ഇടം പിടിച്ചത്. പദ്ധതിയിലുൾപ്പെട്ട റോഡുകൾ:

തിടനാട് ഗ്രാമപഞ്ചായത്തിലെ കാളകെട്ടി ഇരുപ്പക്കാവ് വില്ലണി റോഡ്, വാരിയാനിക്കാട് മൈലാടിവെള്ളിമല റോഡ്, വാരിയാനിക്കാട്പരിന്തിരിക്കൽ റോഡ്, ചെമ്മലമറ്റംകരിമാപ്പനോലി കൊക്കരണി വേങ്ങത്താനം റോഡ്, അമ്പാറനിരപ്പേൽ മൂന്നാനപ്പള്ളി ചിറ്റാർ റോഡ്, ഞാണ്ടുംകണ്ടം ചാറടികണ്ണാനി റോഡ്, പൂവത്തോട് പുരയിടത്തിൽ വലിയപാറ റോഡ് (ചിറ്റാറ്റിൻകര നസ്രത്ത് മഠം), ചെമ്മലമറ്റം കല്ലറങ്ങാട് പൂവത്തോട് റോഡ്,

പൂവാണിക്കാട് ഇരുപ്പക്കാവ് റോഡ്, പൂഞ്ഞാർ ഗ്രാമപഞ്ചായത്തിലെ വാഴേക്കാട് ഊരത്തുപടി റോഡ്, ചെമ്മലമറ്റം കരിമ്പനോളി കൊക്കരണി ചേന്നാട് മാളിക റോഡ്.പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ അടിവാരം കൊട്ടത്തവളം കോലാഹലമേട് റോഡ്, അരുവിക്കച്ചാൽ മലയിഞ്ചിപ്പാറ റോഡ്, കോട്ടക്കല്ല് വാഴേക്കാട് റോഡ്, പെരിങ്ങുളം പച്ചിക്കൽ അടിവാരം വാകച്ചുവട് തങ്ങൾപാറ റോഡ്, കപ്ലങ്ങാട് കുന്തൻപാറ റോഡ്, ഇടമല ഈന്തുംതടം റോഡ്, അടിവാരം കുരിശുമല റോഡ്.

മാടപ്പാറ കോസടി റോഡ്, ഇടുക്കി കവല കടുവാക്കുഴി കിട്ടൻ റോഡ്, മക്കപ്പുഴക്കുന്ന് ശ്മശാനം റോഡ്, മാടപ്പാറപടി കൊപ്പാറ കാ ണിക്കവഞ്ചി റോഡ്, കൊട്ടാരംകട മേനോത്ത് പടി റോഡ്, പനക്കച്ചിറ ആനക്കുളം 504 മടുക്ക റോഡ്, രാമചന്ദ്രൻപടി കല്ലുംതലക്കൽപടി റോഡ്, ആനക്കുളം കൂപ്പ് സത്രം റോഡ്. 10 ശതമാനം റോഡുകളുടെ നിർമാണം ഉടൻ ആരംഭിക്കുമെന്നും ബാക്കിയുള്ളവ ഘട്ടംഘട്ടമായി നടപ്പാക്കുമെന്നും നിർമാണം പൂർത്തിയാകുന്നതോടെ ഗ്രാമീണ മേഖലയുടെ വികസനം സാധ്യമാകുമെന്നും ആന്റോ ആന്റണി അറിയിച്ചു.

# പട്ടികവർഗ്ഗക്കാർക്കായി മത്സ്യസംസ്‌ക്കരണ സംരംഭം; അപേക്ഷ ക്ഷണിച്ചു

**കോട്ടയം:** സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (ഐസിഎആർസിഐഎഫ്ടി) ആഭിമുഖ്യത്തിൽ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായി മത്സ്യസംസ്ക്കരണ മേഖലയിൽ പുതിയ സംരംഭം തുടങ്ങുന്നതിനായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മാർച്ച് 11, 12 തീയതികളിൽ സിഐഎഫ്ടി ആസ്ഥാനമായ കൊച്ചിയിലാണ് പരിശീലനം. തിരഞ്ഞെടുക്കുന്ന 25 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്നവരുടെ യാത്രാചിലവ്, ഭക്ഷണം, താമസം എന്നിവ ഐസിഎആർസിഐഎഫ്ടി വഹിക്കും. താൽപര്യമുള്ളവർ പേര്, വിലാസം, ഈ മേഖലയിൽ പ്രവർത്തിക്കാനുള്ള താൽപര്യം എന്നിവ ഉൾപ്പെടുത്തി അതത് ജില്ലകളിലെ പട്ടികവർഗ്ഗ ഓഫീസർ മുഖാന്തിരം ഫെബ്രുവരി 25 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2412382.

## സി.എസ്.എസ്.ടി ടെക്നീഷ്യൻ നിയമനം

**മലപ്പുറം:** മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസിന് കീഴിൽ സി.എസ്.എസ്.ടി ടെക്നീഷ്യൻ ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എസ്.എസ്.എൽ.സി വിജയം, എൻ.ടി.സി ഇൻ ഇൻസ്ട്രുമെൻറ് മെക്കാനിക്/മെഡിക്കൽ ഇലക്ട്രോണിക് ടെക്നോളജി അല്ലെങ്കിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള സി.എസ്.ആർ ടെക്നോളജിയിലെ ഡിപ്ലോമ എന്നിവയാണ് യോഗ്യത. അഭിമുഖം ഫെബ്രുവരി 24ന് രാവിലെ 10.30ന് നടക്കും. താത്പര്യമുള്ള, 45 വയസ്സ് തികയാത്ത ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും ആധാർ കാർഡും സഹിതം അരമണിക്കൂർ മുമ്പായി ഹാജരാവണം. ഫോൺ :0483 2766425, 0483 2762037.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

**പാലക്കാട്:** മണ്ണാർക്കാട് കാരാകുറിശ്ശി ശ്രീ അയ്യപ്പൻ കാവ് യാനാപുരത്ത് വിഷ്ണുക്ഷേത്രത്തിൽ ട്രസ്റ്റിമാരെ നിയമിക്കുന്നു. താൽപര്യമുള്ളവർ മാർച്ച് ഏഴിന് വൈകീട്ട് അഞ്ചിനകം മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം. അപേക്ഷാ ഫോറം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും www.malabardevaswom.kerala.gov.in ലും ലഭിക്കും. ഫോൺ: 0491 2505777.

ഒറ്റപ്പാലം കടമ്പഴിപ്പുറം ആലങ്ങാട് ശ്രീ തിരുവമ്പ്രം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ട്രസ്റ്റിമാരെ നിയമിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28 ന് വൈകീട്ട് അഞ്ചിനകം മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷാ ഫോറം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും www.malabardevaswom.kerala.gov.in kerala.gov.in ലും ലഭിക്കും. ഫോൺ: 04912505777

ഒറ്റപ്പാലം കിണാവല്ലൂർ ശ്രീ തെക്കിനിയേടത്ത് ശിവക്ഷേത്രത്തിൽ ട്രസ്റ്റിമാരെ നിയമിക്കുന്നു. താൽപര്യമുള്ളവർ ഫെബ്രുവരി 28ന് വൈകീട്ട് അഞ്ചിനകം മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷാഫോറം പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിലും ഒറ്റപ്പാലം/പെരിന്തൽമണ്ണ ഡിവിഷൻ ഇൻസ്പെക്ടറുടെ ഓഫീസിലും www.malabardevaswom.kerala.gov.in ലും ലഭിക്കും. ഫോൺ: 0491 2505777.

# വാക്ഇൻഇന്റർവ്യൂ ഫെബ്രുവരി 25ന്

**തിരുവനന്തപുരം:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ കാര്യാലയത്തിൽ ഗ്രാജുവേറ്റ് എഞ്ചിനീയറിങ് അപ്രന്റീസിനെ ഒരു വർഷകാലയളവിലേക്ക് നിയമിക്കുന്നു. ബി.ടെക് (സിവിൽ/കെമിക്കൽ/എൻവയോൺമെന്റൽ) യോഗ്യതയുള്ള 28 വരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. രണ്ട് ഒഴിവുകളാണ് ഉള്ളത്. പ്രതിമാസം സ്റ്റൈപ്പന്റായി 10,000 രൂപ ലഭിക്കും. താൽപര്യമുള്ളർ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ആറ് മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ബോർഡിന്റെ ജില്ലാ കാര്യാലയത്തിൽ ഫെബ്രുവരി 25ന് രാവിലെ 11ന് അഭിമുഖത്തിനായി എത്തിച്ചേരണം. മുമ്പ് ബോർഡിന്റെ അപ്രന്റീസായി പരിശീലനം പൂർത്തിയാക്കിയവർ അപേക്ഷിക്കേണ്ടതില്ല. വിശദവിവരങ്ങൾ www.kspcb.kerala.gov.in ൽ ലഭിക്കും. ഫോൺ 04913522360.

# യു.ജി.സി കരട് റഗുലേഷൻ ദേശീയ കൺവൻഷൻ 20ന്

**തിരുവനന്തപുരം:** സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20ന് തിരുവനന്തപുരത്ത് യു.ജി.സി കരട് റഗുലേഷനുകൾ സംബന്ധിച്ച ദേശീയ കൺവെൻഷൻ ചേരും.

കേരളത്തിന്റേതടക്കം രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന കരട് റഗുലേഷനാണ് യു.ജി.സി മുന്നോട്ട് വെച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാരങ്ങളും സർവകലാശാലകളുടെ സ്വയംഭരണാവകാശവും ഇല്ലാതാക്കുന്ന റഗുലേഷനുകൾക്കെതിരെയാണ് കൺവെൻഷൻ.

ഫെബ്രുവരി 20ന് രാവിലെ 10.30ന് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മന്ത്രി ബിന്ദുവിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. കർണ്ണാടക ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. എം.സി സുധാകർ, തമിഴ്നാട് മന്ത്രി ഡോ. ഗോവി ചെഴിയാൻ, പഞ്ചാബ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഹർജോത് സിംഗ് ബെയ്ൻസ്, തെലങ്കാന ഐ.ടി വകുപ്പ് മന്ത്രി ഡി. ശ്രീധർബാബു തുടങ്ങിയവർ കൺവെൻഷനിൽ വിശിഷ്ടാതിഥികളായിരിക്കും. മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും കൺവെൻഷനിൽ പങ്കെടുക്കും.

കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ കേരളം ഇക്കാര്യത്തിൽ പുലർത്തുന്ന ഉത്കണ്ഠ നിയമസഭാ പ്രമേയത്തിൽ കണ്ടതിന് തുടർച്ചയായാണ് മന്ത്രിമാരും പ്രതിപക്ഷ നേതാക്കളും ഒരുമിച്ചു നിരക്കുന്ന ഈ കൺവെൻഷൻ. മന്ത്രി കെ. രാജൻ, വി.ഡി സതീശൻ എന്നിവർ കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ.കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.ബി. ഗണേഷ് കുമാർ, പി.കെ കുഞ്ഞാലിക്കുട്ടി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ തുടങ്ങിയവർ സംസാരിക്കും. ഭരണ പ്രതിപക്ഷ എം.എൽ.എ മാരും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും ഉന്നത വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ മേധാവികളും അധ്യാപകരും അനധ്യാപക ജീവനക്കാരും ഗവേഷകരും വിദ്യാർഥികളും ഉൾപ്പെടെയുള്ളവർ കൺവെൻഷനിൽ പ്രതിനിധികളായി ഉണ്ടാകും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ പണം മുടക്കുന്ന സംസ്ഥാനമെന്നാണ് കേരളത്തെക്കുറിച്ച് കേന്ദ്ര ഏജൻസിയായ നീതി ആയോഗ് വിലയിരുത്തിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദേശീയ ശരാശരിയേക്കാൾ മികച്ച പ്രവേശന അനുപാതം, ലിംഗസമത്വ സൂചികയിലെ മികച്ച സ്ഥാനം, പ്രവേശനം നേടുന്ന പെൺകുട്ടികളുടെ കാര്യത്തിലുള്ള വർദ്ധിച്ച നിരക്ക് തുടങ്ങിയവയിൽ കേരളം ആർജിച്ച മികവിനെ നീതി ആയോഗ് പ്രശംസിച്ചിരിക്കുകയാണിപ്പോൾ. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിട്ടും ഉന്നത വിദ്യാഭ്യാസ മേഘലയിലെ കേന്ദ്ര മുതൽമുടക്കിൽ ആനുപാതികമായ വർദ്ധനയുണ്ടായിട്ടില്ലെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നത് കേന്ദ്ര ഏജൻസി തന്നെയാണ്. പുതിയ യുജിസി നയരേഖയെപ്പറ്റി കേരളം ഉയർത്തുന്ന പ്രധാന വിമർശനങ്ങളിലൊന്ന് ഇതുതന്നെയാണ്.

കരട് റഗുലേഷനുകളെക്കുറിച്ച്, അവയുടെ പ്രത്യാഘാതങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ കൂടിയായിരുന്ന ജെ.എൻ.യു പ്രൊഫസർ എമെറിറ്റസ് പ്രഭാത് പട്നായിക് കൺവെൻഷനിൽ പ്രഭാഷണം നടത്തും. 1200 ഓളം പേരുടെ പ്രാതിനിധ്യമാണ് രജിസ്ട്രേഷൻ നടപടികളുടെ അവസാന അവലോകനത്തിൽ ഉറപ്പാക്കിയിരിക്കുന്നത്.

# ലിംഗനീതിയും സമത്വവും മാധ്യമ സ്ഥാപനങ്ങളിൽ ഉറപ്പാക്കണം: മന്ത്രി വീണാ ജോർജ്

## ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന് തുടക്കം

**തിരുവനന്തപുരം:** മറ്റുള്ളവരുടെ നീതിക്കു വേണ്ടി വാദിക്കുന്ന വനിതാ മാധ്യമപ്രവർത്തകർ സ്വന്തം സ്ഥാപനത്തിൽ നേരിടുന്ന നീതി നിഷേധം കാണാതെ പോകരുതെന്നും മാധ്യമ സ്ഥാപനങ്ങൾ ലിംഗനീതിയും സമത്വവും ഉറപ്പുവരുത്തണമെന്നും ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് കേരള പത്രപ്രവർത്തക യൂണിയന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമ പ്രവർത്തക കോൺക്ലേവിന്റെ ഉദ്ഘാടനം മാസ്കറ്റ് ഹോട്ടലിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

വനിതാപ്രാതിനിധ്യം വർധിച്ചിട്ടു കൂടി മാധ്യമ സ്ഥാപനങ്ങൾക്കുള്ളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും വനിതാമാധ്യമപ്രവർത്തകർ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ മാധ്യമരംഗത്തെ ലിംഗസമത്വവും ലിംഗനീതിയും ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. രാജ്യത്തെ അറിയപ്പെടുന്ന വനിതാ മാധ്യമപ്രവർത്തകരടക്കം പങ്കെടുക്കുന്ന ഈ വേദിയിൽ അത്തരം ചർച്ചകൾ നടക്കുമെന്നുതന്നെയാണ് കരുതുന്നത്. മാധ്യമ പ്രവർത്തന രംഗത്ത്, പ്രത്യേകിച്ച് ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ വരവോടെ വനിതകളുടെ എണ്ണത്തിൽ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്. എന്നാൽ തീരുമാനങ്ങളെടുക്കുന്നതിൽ സ്ത്രീകളുടെ സാന്നിധ്യം വേണ്ട പോലെ ഇല്ല.

സമൂഹത്തിലെ അനീതികൾ പുറത്തു കൊണ്ടുവരുന്ന മാധ്യമ പ്രവർത്തകർ തൊഴിലിടങ്ങളിൽ നിസഹായരായിപ്പോകുന്ന അവസ്ഥയുണ്ടാകരുത്. തൊഴിലിടങ്ങളിൽ നിയമപരമായി ഉണ്ടാകേണ്ട ആഭ്യന്തരസമിതി എത്ര മാധ്യമസ്ഥാപനങ്ങളിലുണ്ടെന്നത് പരിശോധിക്കണം. 2025 മാർച്ചോടെ എല്ലാ സ്ഥാപനങ്ങളിലും പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര സമിതികൾ രൂപീകരിച്ച് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നാണ് സർക്കാർ നിർദേശം. എന്നാൽ രണ്ടു മുഖ്യധാരാമാധ്യമങ്ങളടക്കം പത്തുമാധ്യമ സ്ഥാപനങ്ങൾ മാത്രമാണ് ഇതുവരെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും മന്ത്രി വീണാ ജോർജ് ചൂണ്ടിക്കാട്ടി.

കെ. കല്യാണിക്കുട്ടിയമ്മയും എ.വി. കുട്ടിമാളു അമ്മയും യശോദ ടീച്ചറും ഹലീമബീവിയുമടക്കമുള്ളവരുടെ ധീരചരിത്രം നമുക്ക് മുന്നിലുണ്ട്. എന്നാൽ വനിതാ മാധ്യമ പ്രവർത്തകരുടെ സംഭാവനകളും ചരിത്രവും വേണ്ട രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നത് സംശയമാണ്. വനിതാ മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയ്ക്ക് ഏറെ പ്രസക്തിയുള്ള കാലഘട്ടത്തിൽ രാജ്യത്ത് തന്നെ ആദ്യമായി സർക്കാർ തലത്തിൽ ദേശീയ വനിതാ മാധ്യമ കോൺക്ലേവ് സംഘടിപ്പിച്ച ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിനെ മന്ത്രി അഭിനന്ദിച്ചു.

വിവിധ വിഷയങ്ങളിൽ സ്ത്രീകൾ ഉയർത്തുന്ന ശബ്ദം സമൂഹം ഏറെ പ്രാധാന്യത്തോടെ ശ്രദ്ധിക്കണമെന്നും സ്ത്രീകൾ ഒന്നിന്റെയും പേരിൽ മാറ്റി നിർത്തപ്പെടേണ്ടതില്ലെന്നും മുഖ്യപ്രഭാഷണത്തിൽ മാധ്യമ പ്രവർത്തക മായ ശർമ പറഞ്ഞു. സ്ത്രീ സൗഹൃദ നയം മാധ്യമ സ്ഥാപനങ്ങളിലുണ്ടാകണം. തൊഴിലിടങ്ങളിൽ ലിംഗ സമത്വം ഉറപ്പുവരുത്തണം. ജോലിയുടെ കാര്യത്തിൽ സമൂഹത്തിൽ വേർതിരിവ് നിലനിൽക്കുന്നുണ്ട്. ഇതിന് മാറ്റമുണ്ടാകണം. കഴിവിന്റെ അടിസ്ഥാനത്തിൽ അവസരങ്ങൾ നൽകേണ്ട സാഹചര്യം ഒരുക്കണമെന്നും അവർ പറഞ്ഞു.

പ്രത്യേക മുദ്രണം ചാർത്തി വനിതാ മാധ്യമ പ്രവർത്തകരെ പിൻതള്ളുന്നത് ജനാധിപത്യവിരുദ്ധ സമീപനമാണെന്ന് മുഖ്യപ്രഭാഷണത്തിൽ മാധ്യമപ്രവർത്തകയായ റാണ ആയൂബ് പറഞ്ഞു. മികവോടെ പ്രവർത്തിക്കുന്നവരുടെ കഴിവുകൾ അംഗീകരിക്കപ്പെടാത്ത പ്രവണത മാധ്യമലോകത്താകമാനം ഉണ്ട്. തുല്യരാണെന്ന പരിഗണനയില്ലാതെ സ്ത്രീകൾ എല്ലാ തരത്തിലും സമൂഹ മാധ്യമങ്ങളിൽ നിശിതമായി വിമർശിക്കപ്പെടുന്നുണ്ട്. കേരളത്തിലെ ഹേമകമ്മിറ്റിയുടെ ചുവടുവയ്പ്പ് സ്വാഗതാർഹമാണ്. ഈ മാതൃക രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കും അനുകരണീയമാണ്. പുരോഗമന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന കേരളത്തിൽ കൂടുതൽ സ്ത്രീകൾ എല്ലാ തലത്തിലും അഭിമാനത്തോടെ മുന്നിട്ടിറങ്ങണമെന്നും അവർ വ്യക്തമാക്കി.

കേരളത്തിലെ ആദ്യ കാല വനിതാ പത്രപ്രവർത്തകയായ എം. ഹലീബീവിയെക്കുറിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ ഡോക്യുമെന്ററി ചടങ്ങിൽ പ്രദർശിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ, ഡയറക്ടർ ടി വി സുഭാഷ്, കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ പി റെജി, ജനറൽ സെക്രട്ടറി സുരേഷ് എടപ്പാൾ, വൈസ് പ്രസിഡന്റ് പി എം കൃപ, സംസ്ഥാന സെക്രട്ടറി ബിനിത ദേവസി, തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി നായർ എന്നിവർ സന്നിഹിതരായിരുന്നു.

# ബോണസ് ഓഹരികളുമായി കെബിസി ഗ്ലോബൽ

**കൊച്ചി:** നിർമ്മാണ, റിയൽ എസ്റ്റേറ്റ് വികസന കമ്പനിയായ കെബിസി ഗ്ലോബൽ ഓഹരി ഉടമകളുടെ അംഗീകാരത്തിന് വിധേയമായി 1:1 അനുപാതത്തിൽ ബോണസ് ഓഹരികൾ നൽകും. അംഗീകൃത മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശവും കെബിസി ഗ്ലോബലിന്റെ പേര് ധരൻ ഇൻഫ്രഇപിസി അല്ലെങ്കിൽ കമ്പനികളുടെ രജിസ്ട്രാർ അംഗീകരിച്ച മറ്റൊരു പേരാക്കി മാറ്റുന്നതിനുള്ള നിർദ്ദേശവും ഡയറക്ടർ ബോർഡ് അംഗീകരിച്ചു.

യുകെയിലെ അനുബന്ധ സ്ഥാപനമായ കെബിസി ഇൻഫ്രാസ്ട്രക്ചറിന്റെ ചെയർമാനായി നരേഷ് കർദയെ കമ്പനി നിയമിച്ചു . കമ്പനിക്ക് 260 കോടിയിലധികം ഓർഡർ ബുക്കും 290 കോടിയുടെ വിപണി മൂലധനവുമുണ്ട്.ബോണസ് ഓഹരികളായി 261 കോടി രൂപയുടെ ഓഹരികൾ ഇഷ്യൂ ചെയ്യുന്ന ഇത് 60 ദിവസത്തിനുള്ളിൽ ക്രെഡിറ്റ് ചെയ്യപ്പെടും. ബോണസ് ഇഷ്യൂവിന് ശേഷം കമ്പനിയുടെ ഓഹരി മൂലധനം ഇരട്ടിയായി 523 കോടിയായി ഉയരും.

അടുത്തിടെ, പതഞ്ജലി ഫുഡ് ആൻഡ് ഹെർബൽ പാർക്ക്, ഫാൽക്കൺ പീക്ക് ഫണ്ട് എന്നിവ കമ്പനിയിൽ കൺവെർട്ടിബിൾ പ്രിഫറൻഷ്യൽ വാറണ്ടുകൾ ഇഷ്യൂ ചെയ്തുകൊണ്ട് 99.50 കോടി വരെ നിക്ഷേപിച്ചിരുന്നു.  പ്രൊമോട്ടർമാർ അല്ലാത്തവർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ 45.23 കോടി വാറന്റുകൾ പുറപ്പെടുവിച്ചിരുന്നു, വാറന്റിന് 2.20 നിരക്കിൽ, ആകെ 99.50 കോടി. ഓരോ വാറണ്ടും 1 രൂപ മുഖവിലയുള്ള ഒരു ഇക്വിറ്റി ഷെയറാക്കി മാറ്റും. ഇക്വിറ്റി ഇഷ്യൂവിൽ നിന്നുള്ള വരുമാനം കടം തിരിച്ചടയ്ക്കാൻ ഉപയോഗിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 'വൺ മാൻ ഓഫീസ് ' ഓൺലൈൻ സേവനവുമായി എൽഐസി

**കൊച്ചി:** തടസരഹിതമായ ഡിജിറ്റൽ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി 'വൺ മാൻ ഓഫീസ്' ഓൺലൈൻ സൗകര്യം ഏർപ്പെടുത്തി രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയായ എൽഐസി. പോളിസികളെക്കുറിച്ചുള്ള വിവരങ്ങൾക്കു പുറമെ, പ്രീമിയം കാൽക്കുലേറ്റർ, ഇ നാക് രജിസ്ട്രേഷൻ, വിലാസം മാറ്റൽ, ഓൺലൈൻ ലോൺ അപേക്ഷകൾ, പ്രീമിയത്തിന്റെ അടവുകൾ, ക്ലെയിം സെറ്റിൽമെന്റുകൾ എന്നിവയ്ക്കുള്ള സൗകര്യമാണ് ഇതിലൂടെ ലഭിക്കുക. എൽഐസിയുടെ ആനന്ദ (ആത്മനിർഭർ ഏജന്റ്സ് ന്യൂ ബിസിനസ് ഡിജിറ്റൽ അപ്ലിക്കേഷൻ) ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന വൺ മാൻ ഓഫീസ് സേവനങ്ങൾ പ്രയോജനപ്പെടുത്താം. 2047ഓടുകൂടി രാജ്യത്തെ എല്ലാവർക്കും ഇൻഷുറൻസ് എന്ന, എൽഐസിയുടെ ലക്ഷ്യത്തിലേക്കുള്ള നിർണായക ചുവടുവെയ്പ്പാണ് വൺ മാൻ ഓഫീസ് ഡിജിറ്റൽ സേവനങ്ങൾ ആരംഭിച്ചതിലൂടെ കൈവരിച്ചതെന്ന് എൽഐസി ഓഫ് ഇന്ത്യയുടെ എംഡിയും സിഇഒയുമായ സിദ്ധാർത്ഥ മൊഹന്തി പറഞ്ഞു. ഉപഭോക്താക്കൾക്ക് എവിടെനിന്നും, എപ്പോൾ വേണമെങ്കിലും എൽഐസിയുടെ സേവനങ്ങൾ ലഭിക്കത്തക്ക രീതിയിലാണ് വൺ മാൻ ഓഫീസ് രൂപകൽപന ചെയ്തിട്ടുള്ളത്. ലൈഫ് ഇൻഷുറൻസ് പ്രോത്സാഹിപ്പിക്കുന്നതിനും ഇതുവഴി സാധിക്കുമെന്നും സിദ്ധാർത്ഥ മൊഹന്തി കൂട്ടിച്ചേർത്തു. ഏജന്റുമാർ, ഡെവലപ്മെന്റ് ഓഫീസർമാർ, സീനിയർ ബിസിനസ് അസോസിയേറ്റ്സ്, ചീഫ് ലൈഫ് ഇൻഷുറൻസ് അഡ്വൈസർമാർ, എൽഐസി അസോസിയേറ്റ്സ്, ചീഫ് ഓർഗനൈസർ എന്നിങ്ങനെ കമ്പനിയുടെ വിവിധ തലങ്ങളിലുള്ളവരുടെ ദൈനംദിന പ്രവർത്തനങ്ങൾ മുഴുവനും ഡിജിറ്റൽവൽക്കരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.




# കെഎംഎ മാനേജ്മെന്റ് വാരാഘോഷത്തിനു തുടക്കമായി

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) സംഘടിപ്പിക്കുന്ന മാനേജ്മെന്റ് വാരാഘോഷത്തിനു തുടക്കമായി. മാനേജ്മെന്റ് വാരാഘോഷത്തിന്റെ ഉദ്ഘാടനവും കെ ടി ചാണ്ടി സ്മാരക പ്രഭാഷണവും കേരള ഡിജിറ്റൽ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് നിർവഹിച്ചു. സുസ്ഥിര വികസനത്തിനുള്ള മുന്നേറ്റങ്ങൾ അനിവാര്യമാണ്. ഇന്ത്യ പോലൊരു രാജ്യത്ത് കാർബൺ ന്യൂട്രൽ വികാസനങ്ങളാണ് ആവശ്യം. വലിയ സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് ഇന്ത്യ മുന്നേറുമ്പോൾ വ്യാവസായിക, മാനേജ്മെന്റ് രംഗത് വലിയ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലഭ്യമായ സ്രോതസ്സുകളിൽ നിന്ന് വളർച്ച എങ്ങനെ സാധ്യമാകുമെന്ന് ഗൗരവമായി ചിന്തിക്കണം. ഇകൊമേഴ്സ്, സാങ്കേതികവിദ്യാ മുന്നേറ്റങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ലോകത്ത് വരുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാനും മനസിലാക്കാനും കഴിഞ്ഞാൽ മാത്രമേ നമുക്കും ഓടിയെത്താൻ കഴിയൂ. സാങ്കേതികവിദ്യയുടെ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ പൂർണമായും ഉൾക്കൊണ്ടാൽ മാത്രമേ മാറുന്ന ലോകത്തിനൊപ്പം നമുക്കും മാറാൻ കഴിയൂ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കസ്റ്റമൈസേഷന് പ്രാധാന്യം നൽകണം. വളരെ കുറഞ്ഞ റിസോഴ്സുകളിൽ നിന്ന് വലിയ നേട്ടങ്ങളുണ്ടാക്കാമെന്ന് കേരള മോഡൽ തെളിയിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് കെ ടി ചാണ്ടി അനുസ്മരണ പ്രഭാഷണം നടത്തി. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജ്മെന്റ് വീക്ക് ചെയർമാൻ സി എസ് കർത്ത ആമുഖ പ്രസംഗം നടത്തി. കെഎംഎ മെമ്മോറിയൽ ലെക്ച്ചർ ചെയർമാൻ എ സി കെ നായർ സ്വാഗതവും കെഎംഎ സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# മണപ്പുറം ഗ്രൂപ്പുമായി ബാങ്ക് ഓഫ് ബറോഡ ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി:** ഇന്ത്യയിലെ മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ (ബാങ്ക്), മണപ്പുറം ഗ്രൂപ്പുമായി ബറോഡ ക്ലാസിക് സാലറി പാക്കേജ് ഓഫറുകൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചു. മണപ്പുറം ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ വി.പി.നന്ദകുമാർ, ബാങ്ക് ഓഫ് ബറോഡ എറണാകുളം സോൺ  ജനറൽ മാനേജരും സോണൽ മേധാവിയുമായ ശ്രീജിത്ത് കൊട്ടാരത്തിൽ, രഞ്ജിത്ത് പി ആർ, ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ (സിഎച്ച്ആർഒ)  മണപ്പുറം ഗ്രൂപ്പ്, എന്നിവരുടെ സാന്നിധ്യത്തിൽ ധാരണാപത്രം ഒപ്പുവച്ചഹത്. ബറോഡ ക്ലാസിക് സാലറി പാക്കേജ് മണപ്പുറം ഗ്രൂപ്പ് ജീവനക്കാർക്ക് സൗജന്യ സമഗ്ര വ്യക്തിഗത അപകട ഇൻഷുറൻസ് പരിരക്ഷ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇതിനുപുറമെ, എല്ലാ ജീവനക്കാർക്കും അധിക വിമാനാപകട ഇൻഷുറൻസ് പരിരക്ഷ, റീട്ടെയിൽ വായ്പകളുടെ പ്രോസസ്സിംഗ് ചാർജുകളിൽ ഇളവ്, ആജീവനാന്ത സൗജന്യ ഡെബിറ്റ് കാർഡുകൾ, ക്രെഡിറ്റ് കാർഡുകൾ, ഓവർഡ്രാഫ്റ്റ് സൗകര്യം എന്നിവയ്ക്കും മറ്റ് നിരവധി ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.മണപ്പുറം ഗ്രൂപ്പ് സിഎഫ്ഒ ബിന്ദു എ.എൽ, ബാങ്ക് ഓഫ് ബറോഡ എറണാകുളം മിഡ് കോർപ്പറേറ്റ് എജിഎം സതീഷ്, ബാങ്ക് ഓഫ് ബറോഡ തൃശൂർ മേഖലാ റീജിയണൽ ഹെഡ് വിമൽജിത്ത് പി, ബാങ്ക് ഓഫ് ബറോഡ, ചെന്ദ്രാപിനി ബ്രാഞ്ച് ഹെഡ് മനോജ് മേനോൻ, ബാങ്ക് ഓഫ് ബറോഡ, മിഡ് കോർപ്പറേറ്റ് എറണാകുളം റിലേഷൻഷിപ്പ് മാനേജർ യോഗേഷ് എന്നിവരും ഒപ്പുവെക്കൽ ചടങ്ങിൽ പങ്കെടുത്തു.

# ഉഭയകക്ഷി സാമ്പത്തിക ബന്ധം:  ഇന്ത്യ–ഖത്തർ സംയുക്ത ബിസിനസ് ഫോറം സംഘടിപ്പിച്ചു

**ന്യൂഡൽഹി:** ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് ബിൻ ഖലീഫ അൽ താനിയുടെ ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, വ്യവസായ ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പുമായി (ഡിപിഐഐടി) സഹകരിച്ച് ന്യൂഡൽഹിയിൽ ഇന്ത്യ-ഖത്തർ സംയുക്ത ബിസിനസ് ഫോറം സംഘടിപ്പിച്ചു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ഖത്തർ വാണിജ്യ വ്യവസായ മന്ത്രി ഷെയ്ഖ് ഫൈസൽ ബിൻ താനി ബിൻ ഫൈസൽ അൽതാനിയും മുഖ്യപ്രഭാഷണം നടത്തി.

വികസിത ഭാരതമെന്ന കാഴ്ചപ്പാടിൽ , 2047 ഓടെ 3035 ട്രില്യൺ യുഎസ് ഡോളർ സമ്പദ്‌വ്യവസ്ഥയാകാനുള്ള ലക്ഷ്യത്തിലാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ വ്യക്തമാക്കി. ഇന്ത്യയും ഖത്തറും തമ്മിൽ ഊർജ്ജ വ്യാപാരത്തിന്റെ വിജയകരമായ ഒരു നീണ്ട ചരിത്രം പങ്കിടുന്നതായും , ഈ പങ്കാളിത്തത്തിന്റെ ഭാവി ഹൈഡ്രോകാർബണുകൾക്കപ്പുറം എഐ , ക്വാണ്ടം കമ്പ്യൂട്ടിംഗ്, കീറ, സെമികണ്ടക്ടറുകൾ തുടങ്ങിയ നൂതന മേഖലകളിലേക്ക് വ്യാപിക്കുന്നതായും അദ്ദേഹം പറഞ്ഞു.കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ, ഭൗമരാഷ്ട്രീയ മാറ്റങ്ങൾ, സൈബർ സുരക്ഷാ ഭീഷണികൾ എന്നിവ രൂക്ഷമാകുമ്പോൾ, സ്വാശ്രയത്വം അതായത് ആത്മനിർഭരത ഒരു പ്രധാന മുൻഗണനയായി മാറിക്കഴിഞ്ഞു. ഇന്ത്യയ്ക്കും ഖത്തറിനും തനതായ മത്സരപരമായ ശക്തി ഉള്ളതിനാൽ, ഇരു രാജ്യങ്ങൾക്കും ഈ ശക്തികളെ പരസ്പരം പൂരകമാക്കാനും നൂതനാശയ മേഖലയെ നയിക്കാനും നാളത്തെ വ്യവസായങ്ങളെ രൂപപ്പെടുത്താനും പങ്കാളികളാകാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഖത്തറും ഇന്ത്യയും തമ്മിലുള്ള ബന്ധം കേവലം ഇടപാടുകൾ മാത്രമല്ലെന്നും, പരസ്പര ബഹുമാനം, പൊതു താൽപ്പര്യങ്ങൾ, സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിജ്ഞാബദ്ധത എന്നിവയിൽ അധിഷ്ഠിതമായ ഒരു പാരമ്പര്യമാണെന്നും ഉദ്ഘാടന സെഷനിൽ സംസാരിച്ച ഖത്തർ വാണിജ്യ വ്യവസായ മന്ത്രി ശൈഖ് ഫൈസൽ ബിൻ താനി ബിൻ ഫൈസൽ അൽ താനി പറഞ്ഞു. ഖത്തറിന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയായി ഇന്ത്യ മാറിയതോടെ ഇന്ത്യ-ഖത്തർ വ്യാപാര പങ്കാളിത്തം അഭിവൃദ്ധിപ്പെട്ടു. വൈവിധ്യപൂർണ്ണവും ചലനാത്മകവും നിക്ഷേപക സൗഹൃദവുമായ ഒരു രാജ്യമായി ഖത്തർ തുടരുന്നുവെന്ന് എടുത്തുപറഞ്ഞ അദ്ദേഹം ഖത്തറിന്റെ സമ്പദ്‌വ്യവസ്ഥയിലും അടിസ്ഥാന സൗകര്യങ്ങളിലുമുള്ള വിശാലമായ അവസരങ്ങൾ പര്യവേക്ഷണം ചെയ്യാൻ ഇന്ത്യൻ നിക്ഷേപകരെ ക്ഷണിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ)യും , ഖത്തർ ബിസിനസ് അസോസിയേഷനും ;ഇൻവെസ്റ്റ് ഇന്ത്യ ഇൻവെസ്റ്റ് ഖത്തർ എന്ന സംരംഭവും ചടങ്ങിൽ ഒപ്പുവെച്ചു.

വ്യാപാര വാണിജ്യ സഹകരണം സുഗമമാക്കുക, നിക്ഷേപ ഒഴുക്ക് വർദ്ധിപ്പിക്കുക, പരസ്പര താൽപ്പര്യമുള്ള തന്ത്രപരമായ മേഖലകളിൽ ദീർഘകാല സഹകരണം വളർത്തുക എന്നിവയാണ് ഈ കരാറുകളുടെ ലക്ഷ്യം.

## ഡിവൈസ് ടോക്കണൈസേഷൻ സൊല്യൂഷനുമായി ഫോൺപേ

**കൊച്ചി:**ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾക്കായി ഡിവൈസ് ടോക്കണൈസേഷൻ സൊല്യൂഷൻ പുറത്തിറക്കുന്നതായി ഫോൺപേ പ്രഖ്യാപിച്ചു. ഇതോടെ, ഉപയോക്താക്കൾക്ക് ഫോൺപേ ആപ്പിൽ അവരുടെ കാർഡുകൾ ടോക്കണൈസ് ചെയ്യാനും ബിൽ പേയ്മെന്റുകൾ, റീചാർജുകൾ, യാത്രാ ടിക്കറ്റുകൾ ബുക്ക് ചെയ്യാനും സാധിക്കും കൂടാതെ ഇൻഷുറൻസ് വാങ്ങലുകൾ, പിൻകോഡിൽ പേയ്മെന്റുകൾ നടത്തൽ എന്നിവയ്ക്കും ഫോൺപേ പേയ്മെന്റ് ഗേറ്റ്‌വേ സേവനങ്ങൾ സംയോജിപ്പിച്ചിരിക്കുന്ന ഓൺലൈൻ മർച്ചന്റുകളുടെ അടുത്തും ഉൾപ്പെടെ ഫോൺപേയുടെ എല്ലാത്തരം ഉപയോഗത്തിനും കാർഡ് ടോക്കണുകൾ തടസ്സമില്ലാതെ ഉപയോഗിക്കാൻ കഴിയുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ചാർജ് മോഡുമായി പങ്കാളിത്തം പ്രഖ്യാപിച്ച് ഏഥർ

**കൊച്ചി :** ഇന്ത്യയിലെ വൈദ്യുത ഇരുചക്ര വാഹന നിർമ്മാതാക്കളിലൊന്നായ ഏഥർ എനർജി ലിമിറ്റഡ്, കേരളത്തിലെ ചാർജ് പോയിന്റ് ഓപ്പറേറ്ററായ (സി.പി.ഒ.) ചാർജ്മോഡുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഇതോടെ എൽ.ഇ.സി.സി.എസ്. (ലൈറ്റ് ഇലക്ട്രിക് കമ്പൈൻഡ് ചാർജിംഗ് സിസ്റ്റം) കണക്റ്റർ ഉള്ള വൈദ്യുത വാഹന ഉടമകൾക്ക് കേരളത്തിലുടനീളമുള്ള 121 ചാർജിംഗ് സ്ഥലങ്ങളിലേക്ക് കൂടി പ്രാപ്യമാകും.

2018 ൽ ഇന്ത്യയിൽ ഇരുചക്ര വാഹന ഫാസ്റ്റ് ചാർജിംഗ് നെറ്റ്‌വർക്ക് സ്ഥാപിച്ച ആദ്യത്തെ ഇരുചക്ര വാഹന ഒ.ഇ.എം. ഏഥർ എനർജിയാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. ഇന്ത്യയിലെ ഏറ്റവും വിശാലമായ ഇരുചക്ര വാഹന ഫാസ്റ്റ് ചാർജിംഗ് നെറ്റ്‌വർക്കാണ് ഏഥർ ഗ്രിഡ്. 2024 ഡിസംബർ 31ലെ കണക്കനുസരിച്ച്, കേരളത്തിൽ 291 ഏഥർ ഗ്രിഡ് ഫാസ്റ്റ് ചാർജറുകൾ ഏഥറിനുണ്ടായിരുന്നു. കൂടാതെ, വാഹനിൽ നിന്നുള്ള ഡാറ്റ പ്രകാരം, കഴിഞ്ഞ രണ്ട് പാദങ്ങളിലായി (ഓഗസ്റ്റ് മുതൽ ജനുവരി വരെ) 10,000ത്തിലധികം വില്പനകൾ രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിലെ വിപണി മുൻനിരക്കാരായി ഏഥർ തുടരുന്നുവെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

## ആൽഫാ പാലിയേറ്റീവ് കെയറിന് സഹായവുമായി വിഗാർഡ് ഫൗണ്ടേഷൻ

**കൊച്ചി:** സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി വിഗാർഡ് ഫൗണ്ടേഷൻ ആൽഫ പാലിയേറ്റീവ് കെയറിന് മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും കൈമാറി. വിഗാർഡ് സിഎസ്ആർ കമ്മിറ്റി അംഗം ഡോ.റീന ഫിലിപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. മികച്ച ആരോഗ്യ പരിചരണം ഓരോ വ്യക്തിയുടെയും അവകാശമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്ന് വിഗാർഡ് സിഎസ്ആർ കമ്മിറ്റി അംഗം ഡോ.റീന ഫിലിപ്പ് പറഞ്ഞു. ഇത്തരം സേവന പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ ഏറ്റവും ആവശ്യക്കാരായവരുടെ ജീവിതത്തിൽ നല്ല മാറ്റമുണ്ടാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ആൽഫ പാലിയേറ്റീവ് കെയർ ഈ മേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും, അതിനെ പിന്തുണയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.ആൽഫാ പാലിയേറ്റീവ് കെയർ പ്രസിഡന്റ് സുബൈദ റഹീം, ആൽഫ കമ്മ്യൂണിറ്റി സെക്രട്ടറി പ്രൊഫ. രവി ദിവാകരൻ, ഡയറക്ടർ സുരേഷ് ശ്രീധരൻ, വൈസ് പ്രസിഡന്റ് ടി.ജെ. കുര്യൻ, ട്രഷറർ തോമസ് വർഗീസ്, യങ്ങ് ഇന്ത്യൻസ് കൊച്ചി കോ ചെയർ വിവേക് പ്രമോദ്, മറ്റ് ആൽഫ പാലിയേറ്റീവ് കെയർ അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## സൗത്ത് ഇന്ത്യൻ ബാങ്കിന് പുരസ്കാരത്തിളക്കം

**കൊച്ചി:** മുബൈയിൽ നടന്ന ഇരുപതാമത് ഐബിഎ ടെക്നോളജി അവാർഡ് 2024ൽ, മികച്ച സാങ്കേതിക അധിഷ്ഠിത ടാലന്റ് ആന്റ് ഓർഗനൈസേഷൻ വിഭാഗത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് പുരസ്ക്കാരം. ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് നൂതന സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനാണ് പുരസ്കാരം. ബെസ്റ്റ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ വിഭാഗത്തിൽ റണ്ണർ അപ്പ് ആകാനും ബാങ്കിന് സാധിച്ചു. ബെസ്റ്റ് ഡിജിറ്റൽ സെയിൽസ്, പേയ്മെന്റ്സ് & എൻഗേജ്മെന്റ്, ബെസ്റ്റ് ഐടി റിസ്ക് മാനേജ്മന്റ്, ബെസ്റ്റ് ഫിൻടെക് & ഡിപിഐ അഡോപ്ഷൻ എന്നിവയിലെ മികച്ച പ്രകടനത്തിന് സൗത്ത് ഇന്ത്യൻ ബാങ്ക് പ്രത്യേക പരാമർശം നേടി. ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ (ഐബിഎ) പക്കൽ നിന്നും തുടർച്ചയായി അംഗീകാരം ലഭിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി അഭിപ്രായപ്പെട്ടു. 'ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉൾപ്പെടുത്തൽ വർദ്ധിപ്പിക്കുന്നതിനും സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകൾ ഉറപ്പാക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ബാങ്കിന്റെ പരിശ്രമങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് ഈ അവാർഡുകൾ. ദീർഘവീക്ഷണമുള്ള ധനകാര്യസ്ഥാപനമെന്ന നിലയിൽ, ബാങ്കിന്റെ തുടർന്നുള്ള യാത്രയ്ക്ക് പ്രചോദനമേകുന്നതാണ് അംഗീകാരമെന്നും അദ്ദേഹം പറഞ്ഞു.




# ഊരാളുങ്കൽ സൊസൈറ്റി യു-സ്ഫിയർ ആരംഭിക്കുന്നു

**കൊച്ചി:**ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്) അത്യാധുനിക, ഹൈടെക്, പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ സംരംഭമായ യു-സ്ഫിയറിന് തുടക്കം കുറിച്ചു. യുഎൽസിസിഎസ് 100ാം വാർഷികം ആഘോഷിക്കുന്ന അവസരത്തിലാണ് പുതിയ സംരംഭം ആരംഭിക്കുന്നത്. നൂതന മോഡുലാർ, സുസ്ഥിര നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, അടുത്ത തലമുറ അടിസ്ഥാന സൗകര്യ വികസനത്തിൽ ഊരാളുങ്കൽ സൊസൈറ്റിയെ മുൻനിരയിലെത്തിക്കുവാൻ പര്യാപ്തമായതാണ് പുതിയ സംരംഭമെന്ന് യുഎൽസിസിഎസ് ചെയർമാൻ രമേശൻ പാലേരി പറഞ്ഞു.

കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 1,000 ജീവനക്കാരെ നിയമിക്കാൻ യു-സ്ഫിയർ പദ്ധതിയിടുന്നു. പൊതു അടിസ്ഥാന സൗകര്യങ്ങൾ, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ 2,000 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങളിലൂടെയും സമൂഹത്തിൻറെ ഉന്നമനത്തിന് പ്രതിജ്ഞാബദ്ധമായ യുഎൽസിസിഎസിൻറെ വിജയകരമായ കേരള മോഡൽ യുസ്ഫിയറിലൂടെ ആവർത്തിക്കാനാണ് ശ്രമിക്കുന്നത്. സ്മാർട്ട് ഇൻഫ്രാസ്ട്രക്ചറിലെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നിർമ്മാണ വേഗത മെച്ചപ്പെടുത്തുന്നതിനും വിഭവ വിനിയോഗം ഫലപ്രദമാക്കുന്നതിനും എഐ അധിഷ്ഠിത അനലിറ്റിക്സ്, ഇൻറർനെറ്റ് ഓഫ് തിങ്സ്അധിഷ്ഠിത മോണിറ്ററിംഗ്, ഡിജിറ്റൽ പ്രോജക്റ്റ് മാനേജ്മെൻറ് എന്നിവ യു-സ്ഫിയർ സംയോജിപ്പിക്കും. റോഡുകളും പാലങ്ങളും ബിൽഡിംഗുകളും മുതൽ ഐടി പാർക്കുകൾ വരെയുള്ള 8,000ത്തിലധികം പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ട് ഒരു നൂറ്റാണ്ടിലേറെയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി കേരളത്തിൻറെ അടിസ്ഥാന സൗകര്യ വികസനത്തിൻറെ മുൻനിരയിലുണ്ടെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ജീവിതം മെച്ചപ്പെടുത്തുന്നതിലൂടെയും സാമ്പത്തിക സ്വാധീനം സൃഷ്ടിക്കുന്ന ഞങ്ങളുടെ ദൗത്യം മാറ്റമില്ലാതെ തുടരുമെന്നും രമേശൻ പാലേരി പറഞ്ഞു. യു-സ്ഫിയറിലൂടെ സ്മാർട്ട്, സുസ്ഥിര, ഹൈടെക് നിർമ്മാണത്തിൻറെ പുതിയ യുഗത്തിലേക്ക് ഊരാളുങ്കലിൻറെ പാരമ്പര്യത്തെ എത്തിക്കുകയാണ്.

വേഗത, പുതുമ, പരിസ്ഥിതിസാമൂഹികസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിലൂടെ, ഈ വ്യവസായത്തിൻറെ ഭാവി പുനർനിർവചിക്കാനാണ് തങ്ങൾ തയ്യാറെടുക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.പരിസ്ഥിതി ആഘാതം കുറയ്ക്കുന്ന ഊർജ്ജക്ഷമതയുള്ള ഡിസൈനുകളും സുസ്ഥിര നിർമ്മാണ മാർഗങ്ങളും സ്വീകരിക്കുന്നതിലായിരിക്കും യു-സ്ഫിയർ ശ്രദ്ധിക്കുക.നിർമ്മാണ ശേഷികൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനായി പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളും വ്യവസായ വിദഗ്ധരും ഉൾപ്പെടെയുള്ള പങ്കാളികളുമായി സഹകരിക്കുമെന്നും രമേശൻ പാലേരി പറഞ്ഞു.

## കാംപ കോള യുഎഇ വിപണിയിലെത്തിച്ച് റിലയൻസ്

**കൊച്ചി:** റിലയൻസ് ഇൻഡസ്ട്രീസിന്റെ എഫ്എംസിജി വിഭാഗമായ റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് ശീതള പാനീയ ബ്രാൻഡായ കാംപ കോള യുഎഇയിൽ വിപണിയിൽ ഇറക്കി. ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യപാനീയ സോഴ്സിംഗ് ഇവന്റായ ഗൾഫ് ഫുഡിൽ വെച്ചായിരുന്നു വിപണിയിൽ ഇറക്കിയത്. മേഖലയിലെ മുൻനിര എഫ്&ബി ഗ്രൂപ്പായ അഗ്തിയ ഗ്രൂപ്പുമായി സഹകരിച്ചാണ് യുഎഇയിൽ കാംപ കോള പുറത്തിറക്കുന്നത്. റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സിന്റെ യുണൈറ്റഡ് അറബ് എമിറേറ്റ്സിലേക്കുള്ള ആദ്യ പ്രവേശനത്തെ അടയാളപ്പെടുത്തുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് (ആർസിപിഎൽ) 2022ൽ കാംപ കോള ഏറ്റെടുത്തതിന് ശേഷം ശീതള പാനീയ വിപണിയിലേക്ക് പ്രവേശിക്കുകയും പിന്നീട് 2023ൽ ഇത് വീണ്ടും അവതരിപ്പിക്കുകയും ചെയ്തു.




50 വർഷത്തിലേറെ പഴക്കമുള്ള പാരമ്പര്യമുള്ള ഇന്ത്യൻ ബ്രാൻഡായ കാംപയുമായി യുഎഇ വിപണിയിലേക്ക് പ്രവേശിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും കാംപ കോളയുടെ ലോഞ്ച് യുഎഇയിലെ ഇന്ത്യൻ പ്രവാസികൾക്കിടയിൽ ഗൃഹാതുരത്വം ഉണർത്തുമെന്ന് ആർസിപിഎൽ സിഒഒ കേതൻ മോഡി അഭിപ്രായപ്പെട്ടു. ഗൾഫ് ഫുഡിൽ 2025 ഫെബ്രുവരി 17 മുതൽ 21 വരെയാണ് നടക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടി: സമുദ്രമേഖലയുടെ സാധ്യതകൾ ചർച്ച ചെയ്യും

**കൊച്ചി:** സമുദ്രമേഖലയിലെ സംസ്ഥാനത്തിന്റെ വികസന സാധ്യതകൾ ഫെബ്രുവരി 21 മുതൽ 22 വരെ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ ഉച്ചകോടി (ഐകെജിഎസ് 2025) ചർച്ച ചെയ്യും.ആഗോള പങ്കാളിത്തവും നിക്ഷേപ അവസരങ്ങളും ആകർഷിക്കുന്നതിനായി കൊച്ചിയിലെ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ഉച്ചകോടിയുടെ ഉദ്ഘാടന ദിവസം സമുദ്ര മേഖലയെ സംബന്ധിച്ച് പ്രത്യേക സെഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു,സംസ്ഥാനത്ത് മികച്ച രീതിയിൽ വികസിച്ചു വരുന്ന മാരിടൈം മേഖലയുടെ നവീകരണവും മത്സരക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കപ്പൽ നിർമ്മാതാക്കളുമായും ടെക്നോളജി സേവനദാതാക്കളുമായുള്ള സഹകരണ സാധ്യതകൾ ഉച്ചകോടിയിൽ ചർച്ച ചെയ്യും

സമീപഭാവിയിൽ ആഗോള ശ്രദ്ധ പിടിച്ചുപറ്റാൻ പോകുന്നതാണ് വിഴിഞ്ഞം തുറമുഖം എന്നത് കൊണ്ടുതന്നെ മാരിടൈം മേഖലയെ സംബന്ധിച്ചുള്ള സെഷൻ വളരെ പ്രധാനപ്പെട്ടതാണ്. ഉച്ചകോടിക്ക് മുന്നോടിയായി സംഘടിപ്പിച്ച വിഴിഞ്ഞം കോൺക്ലേവ് മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയിട്ടുണ്ട്. നിക്ഷേപം ആകർഷിക്കുന്നതിന് പുറമേ, എഐ, റോബോട്ടിക്സ് എന്നിവ ഉപയോഗിച്ച് കപ്പൽ നിർമ്മാണത്തിന്റെ ചെലവ് കുറയ്ക്കുക, കാര്യക്ഷമത വർധിപ്പിക്കുക, സുരക്ഷ ഉറപ്പാക്കുക എന്നിവ എങ്ങനെ സാധിക്കും എന്നതിനെ പറ്റി ഉച്ചകോടി ചർച്ച ചെയ്യുമെന്ന് മന്ത്രി പറഞ്ഞു. വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (കെഎസ്ഐഡിസി) ഉച്ചകോടി സംഘടിപ്പിക്കുന്നത്.മുഖ്യമന്ത്രി പിണറായി വിജയൻ ഐകെജിഎസ് 2025 ഉദ്ഘാടനം ചെയ്യും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കും.

സുസ്ഥിര സാങ്കേതികവിദ്യകൾ, തന്ത്രപ്രധാന വ്യവസായങ്ങൾ, ആരോഗ്യമേഖലയിലെ നവീകരണം, ഫിൻടെക്, ടൂറിസം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ ഉച്ചകോടി ശ്രദ്ധകേന്ദ്രീകരിക്കും.'നാവിഗേറ്റിംഗ് ദ ഫ്യൂച്ചർ: ഷിപ്പ് ബിൽഡിംഗ് പൊട്ടൻഷ്യൽ ഇൻ ഇന്ത്യാസ് മാരിടൈം ഗ്രോത്ത് ' എന്ന വിഷയത്തിൽ നടക്കുന്ന സെഷനിൽ മാരിടൈം മേഖലയിലെ വിദഗ്ധരും വ്യവസായ പങ്കാളികളും പങ്കെടുക്കും. മാരിടൈം മേഖലയിലെ സുരക്ഷയുടെ പ്രധാന ഘടകമെന്ന നിലയിലുള്ള കപ്പൽ നിർമ്മാണം, പ്രാദേശിക തൊഴിലവസരങ്ങളും നൈപുണ്യവും വർധിപ്പിക്കൽ, നിക്ഷേപം ആകർഷിക്കൽ, പ്രാദേശിക സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കൽ, സർക്കാർ ആനുകൂല്യങ്ങൾ ആകർഷിക്കൽ എന്നിവ സംബന്ധിച്ച് സെഷൻ ചർച്ച ചെയ്യും.

ചെറിയ ബോട്ടുകളും വലിയ ഇലക്ട്രിക് കപ്പലുകളും നിർമ്മിക്കാനുള്ള സാധ്യതകളും ഇവയുടെ സുസ്ഥിരതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിനുള്ള നവീന സാങ്കേതികവിദ്യകൾ എന്നിവയെ സംബന്ധിച്ചുമുള്ള ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡിന്റെ വിപുലീകരണത്തെക്കുറിച്ചും പാനലിസ്റ്റുകൾ തങ്ങളുടെ കാഴ്ച്ചപ്പാടുകൾ പങ്കുവെയ്ക്കും.

ഭാവി വളർച്ചയ്ക്കായി സമുദ്ര മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ, ആഗോള വ്യാപാരത്തിനുള്ള പാലമെന്ന നിലയിൽ തുറമുഖ അധിഷ്ഠിത വികസനം എന്നിങ്ങനെ സമുദ്രമേഖലയുമായി ബന്ധപ്പെട്ട സെഷനുകൾ ഉച്ചകോടിയിൽ ഉണ്ടാകും ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജം ഉപയോഗിച്ച് കേരളത്തിന്റെ ഭാവി ശാക്തീകരിക്കൽ' എന്ന വിഷയത്തിൽ ഉദ്ഘാടന ദിവസം സെഷൻ സംഘടിപ്പിച്ചിട്ടുണ്ട്.സർക്കാരിന്റെ പുതിയ വ്യവസായ നയത്തിലെ സുപ്രധാന മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സംഘടിപ്പിച്ചിരിക്കുന്ന ഉച്ചകോടിയിൽ ആഗോള വ്യവസായ പ്രമുഖരും വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപകരുമടക്കം 2,500 പ്രതിനിധികൾ പങ്കെടുക്കും.




# ജിയോ ബിപിയുടെ ഇന്റർനാഷണൽ ഫ്യൂവൽ ഫോർ ഇന്ത്യ ക്യാമ്പയിൻ

**കൊച്ചി:** ജിയോബിപിയുടെ ഇന്റർനാഷണൽ ഫ്യൂവൽ ഫോർ ഇന്ത്യ ക്യാമ്പയ്ൻ ഇന്ത്യ എനർജി വീക്ക് 2025 ചടങ്ങിൽ പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരി ഉദ്ഘാടനം ചെയ്തു.ചലച്ചിത്ര താരം പങ്കജ് ത്രിപാഠി ഈ ക്യാമ്പയ്നിന്റെ മുഖമാകും.

റിലയൻസ് ഇൻഡസ്ട്രീസിന്റെയും ബിപിയുടെയും സംയുക്ത സംരംഭമായ റിലയൻസ് ബിപി ഐഎഫ്എഫ്ഐ ക്യാമ്പയ്നിലൂടെ അധിക ചെലവില്ലാതെ ഓരോ ഇന്ത്യക്കാരനിലേക്കും ഉയർന്ന നിലവാരമുള്ള ഇന്ധനങ്ങൾ എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.100 വർഷത്തെ ബിപിയുടെ ഇന്ധന ഗവേഷണ അനുഭവം പ്രയോജനപ്പെടുത്തിയാണ് ഉയർന്ന പ്രവർത്തനക്ഷമതയുള്ള ഇന്ധനങ്ങൾ, ആക്റ്റീവ് ടെക്നോളജി ഉപയോഗിച്ച് വികസിപ്പിച്ചെടുത്തത്.

ആക്റ്റീവ് സാങ്കേതികവിദ്യയുള്ള ജിയോബിപിയിലെ ഡീസൽ 4.3%* വരെ അധിക മൈലേജ് വാഗ്ദാനം ചെയ്യുന്നു, കൂടാതെ എഞ്ചിൻ ഭാഗങ്ങൾ 10 മടങ്ങ് വരെ വൃത്തിയായി നിലനിർത്താനും ഈ പെട്രോൾ സഹായിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സുരേഷ് രമണി ഡിപി വേൾഡ് ചീഫ് കൊമേഴ്സ്യൽ ഓഫിസർ



**കൊച്ചി:** ഡിപി വേൾഡ്, സബ്കോണ്ടിനന്റ് ലോജിസ്റ്റിക്സിന്റെ ചീഫ് കൊമേഴ്സ്യൽ ഓഫീസറായി സുരേഷ് രമണിയെ നിയമിച്ചു. വിൽപ്പന, ബിസിനസ് വികസനം, ഉൽപ്പന്ന വികസനം, പ്രവർത്തനങ്ങൾ, പി ആൻഡ് എൽ മാനേജിംഗ് തുടങ്ങിയ ബിസിനസ്സ് പ്രവർത്തനങ്ങളിൽ മൂന്ന് പതിറ്റാണ്ടിലേറെ വൈദഗ്ധ്യം സുരേഷ് രമണിക്കുണ്ട്. മിഡിൽ ഈസ്റ്റിലും ആഫ്രിക്കൻ വിപണികളിലും പ്രവർത്തി പരിചയമുള്ള അദ്ദേഹം ഇന്ത്യയിലുടനീളം പ്രവർത്തിച്ചിരുന്നു. വൈവിധ്യമാർന്ന വ്യവസായങ്ങളിലും ബിസിനസ് പ്രവർത്തനങ്ങളിലുമുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം ലോജിസ്റ്റിക് വ്യവസായത്തിൽ ഡിപി വേൾഡിനെ പിന്തുണയ്ക്കും.

ഡിപി വേൾഡിൽ ചേർന്നതിലും ആഗോള വ്യാപാരത്തെ പരിവർത്തനം ചെയ്യുന്നതിലുള്ള ദൗത്യത്തിന് താൻ പരമാവധി പ്രവർത്തിക്കുമെന്ന് സുരേഷ് രമണി പറഞ്ഞു, 'ആഗോള ഉപഭോക്തൃ ബന്ധങ്ങൾ വിപുലീകരിക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് സംയോജിതവും നൂതനവുമായ പരിഹാരങ്ങൾ നൽകാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എല്ലാത്തരം ചരക്കുകൾക്കും സംയോജിത ലോജിസ്റ്റിക്സ് സൊല്യൂഷനുകൾ വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ മൾട്ടിമോഡൽ ലോജിസ്റ്റിക് ആസ്തികളുടെയും സേവനങ്ങളുടെയും സമഗ്രമായ ഒരു പോർട്ട്ഫോളിയോ ഡിപി വേൾഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ശൃംഖലയിൽ 5 കണ്ടെയ്നർ ചരക്ക് സ്റ്റേഷനുകൾ, 3 സ്വതന്ത്ര വ്യാപാര മേഖലകൾ (നവ ഷെവ, ചെന്നൈ, കൊച്ചി എന്നിവിടങ്ങളിൽ), 7 റെയിൽലിങ്ക്ഡ് മൾട്ടിമോഡൽ ടെർമിനലുകൾ ഉൾപ്പെടുന്നു. ഇത് താപനില നിയന്ത്രിത സംഭരണവും ഗതാഗതവും നൽകുന്നു. 5 ദശലക്ഷം ചതുരശ്ര അടി വെയർഹൗസിംഗ് സ്ഥലത്തിനു പിന്തുണയാണ്. 100ലധികം റേക്കുകളും 16,000+ കണ്ടെയ്നറുകളും ഉള്ള ഡിപി വേൾഡ് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ റെയിൽ ചരക്ക് ഓപ്പറേറ്റർമാരിൽ ഒന്നാണ്.

# തൃശൂരിൽ ഗോൾഡ് പോയിന്റ് സെന്റർ തുറന്ന് മുത്തൂറ്റ് എക്സിം

**തൃശൂർ:** മുത്തൂറ്റ് എക്സിം തൃശൂരിൽ പുതിയ ഗോൾഡ് പോയിന്റ് സെന്റർ തുറന്നു. മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും മുത്തൂറ്റ് എക്സിമിന്റെ മാനേജിംഗ് ഡയറക്ടറുമായ തോമസ് മുത്തൂറ്റ് പുതിയ കേന്ദ്രം ഉദ്ഘാടനം ചെയ്തു.മുത്തൂറ്റ് എക്സിമിന്റെ ഇന്ത്യയിലെ 37മത്തെ ഗോൾഡ് പോയിന്റ് സെന്ററും, കൊച്ചിക്കും തിരുവനന്തപുരത്തിനും ശേഷം കേരളത്തിലെ മൂന്നാമത്തെ ശാഖയുമാണിത്. മുത്തൂറ്റ് എക്സിമിന്റെ ഗോൾഡ് പോയിന്റ് സെന്ററുകളിൽ ഉപഭോക്താക്കൾക്ക് ന്യായവും കൃത്യവുമായ മൂല്യനിർണ്ണയം ലഭിക്കുമെന്ന ഉറപ്പോടെ അവരുടെ പഴയതും ഉപയോഗിച്ചതുമായ സ്വർണ്ണം വിൽക്കാൻ കഴിയുമെന്ന് തോമസ് മുത്തൂറ്റ് പറഞ്ഞു.

